ദൈവദൂതൻ മാസിക.



സംഗതിവിവരം.

:o:

	പേജ്
പ്രാർത്ഥനാഗീതം	49
സത്യാന്വേഷകനും	50
ഭാരതീയരോടുള്ള മഹത്മഹാ സഭയുടെ സന്ദേശം ...	52
സെന്റ് മേരിസ്വർഗം ...	55
സ്ത്രീകളുടെ സാമൂഹികനില...	57
പാപ്പിയ	60
പ്രാചീനഗ്രീക്കുകാരുടെ മാഹാത്മ്യം	61
വിശുദ്ധ ജോൺ മാഫ് ഓക്സ്	63
കർമ്മയോഗിനിയായ കിസിന്റെ ഒരപ്പീൽ	65
ഇന്നാണ്ടുമാതിയും കാലവും ...	68
വിവിധവിഷയങ്ങൾ ...	71

VOL. 2.) MARCH (No. 3.



Dr: ALEXANDER CHULAPARAMBIL

BISHOP OF KOTTAYAM.

I am perfectly satisfied with the glasses you have prescribed for me. It was very gratifying also for me that on your first examining my eyes you found out that my right eye was weaker than the left. The glasses set accordingly have relieved me of the almost continued pain I had in my right eye. Thanking you & wishing you all the blessings of God for success in your business etc, etc,

(Sd) † Alexander.

നേരിട്ട ഹാജരാകുവാൻ സൌകര്യമില്ലാത്തവർക്ക് എഴുത്തുമൂലം കണ്ണു പരിശോധനയും കണ്ണടനിർദ്ദേശവും ചെയ്യും.

ചിറയത്തു് അന്തപ്പായി അന്തോണി, തൃശ്ശിവപേരൂർ.

പരസ്യം

1. 1921ലെ ഇന്റർമീഡിയറുപരീക്ഷയ്ക്കുള്ള വടക്കൻപാട്ടുകഥ. (വിദ്യാർത്ഥികൾക്കു് അവശ്യമുള്ള നൂറുപേജോടുകൂടിയതു്.) ണ. 8.

2. ധ്രുവൻ. ഒരു ചെറിയ ശബ്ദതാരി. (1-ാം ഫാറത്തിലേക്കുള്ള ശബ്ദപാഠപുസ്തകം.) ണ. 4.

3. സ്നേഹപ്രവാഹകാവ്യം. (ഒരു നോവൽ.) രൂ. 1.

4. മലയാളനിഘണ്ടു. (മലയാളത്തിൽ ഇപ്പോൾ പ്രചരിക്കുന്ന എല്ലാ സംസ്കൃതപദങ്ങൾക്കും മലയാളത്തിൽ തന്നെ അർത്ഥം കൊടുത്തിട്ടുള്ള ഏകനിഘണ്ടു. പരിശോധിക്കപ്പെട്ട പുതിയ പതിപ്പു്.) രൂ. 5.

എന്നു് പ്രസാധകൻ

കെ. ശങ്കരപ്പിള്ള ബി. എ., കോട്ടയം.

ക്ഷയസംഹാരലേഹ്യം

(ആട്ടിൻ സത്തു ചേർത്തുണ്ടാക്കിയതു്.)

ഇതു് മനുഷ്യർക്കു് അമൃതിനോടു തുല്യമാണു്. കാസശ്വാസം, ബലക്ഷയം, ഏക്കം, നെഞ്ചുവേദന, ക്ഷയം, പേയറുകാളൽ, ആലസ്യം, ബോധക്ഷയം, അസ്ഥിസ്രാവം, മൂത്രച്ചൂടു് ഇന്ദ്രിയസ്ഖലനം മുതലായ പല പല രോഗങ്ങളേയും മാറ്റി ദേഹാരോഗ്യത്തെ നിലനിറുത്തുന്ന ഒരു കൈകണ്ട സ്വർണ്ണൌഷധമാണിതു്. വലിയ പഥ്യമില്ലാതേയും വളരെ സ്വാദുള്ളതും ദേഹപുഷ്ടിയെ ഉണ്ടാക്കുന്നതും ആകുന്നു. അരഛാത്തൽ മരുന്നടങ്ങിയ ഡപ്പിക്കു് ചില 2 കു. ഒന്നാംതരം കസ്തൂരിഗുളിക 100 എണ്ണം അടങ്ങിയ ഡപ്പിക്കു് 1 കു. തപാൽ ചിലവു പുറമെ. വലിയ ഔഷധപ്പെട്ടിക മരുന്നോടുകൂടി ഉണ്ടാക്കി അയച്ചുകൊടുക്കും. വി. പി. ആയി ആവശ്യപ്പെടുക.

മാനേജർ, സിദ്ധൌഷധശാല കമ്പനി (K. M.)

(അഞ്ചൽ) ഏനാമാക്കൽ മുല്ലശ്ശേരി P. O.—മലബാർ

കോട്ടയം മാസിക.

പുസ്തകം 2. } 1921 മാർച്ച് { ലക്കം 3.

പ്രാർത്ഥനാഗീതം.

(കെ. ടി. ലോനച്ചൻ—ഡ് റോയിങ്ങ് മാസ്റ്റർ.)

രാഗം ബ്യാഗ്—താളം ആദി.

(വന്ദനം തന്തോൻ or ഹന്ത സുന്ദരി എന്ന മട്ട്)

1 ആർത്തരക്ഷകാ!—സർവ്വലോകപാലകാ!
ആർത്തിയോടു മർത്ത്യരക്ഷമാത്രമോർത്തു പാർത്തലേ
ജാ—ത—നാ—യ
യേശുവേ! യേശുവേ!! ആശു നീ വരികെന്മനേ ആർത്ത

2 ആർത്തട്ടത്തിടും—ലോക—ശത്രുവോടടൻ
നേർത്തിടാനിവന്നുവേണ്ട ധൈര്യവീര്യമൊക്കയും
ന—ല്ലീ—ടാ—നായ്
യേശുവേ! യേശുവേ!! ആശു നീ വരികെന്മനേ ആ

3 ആശയാകുന്ന—നല്ല—പാശമൊന്നിനാൽ
ഈശ! ദാസനെ വരിഞ്ഞുകെട്ടി നാശകൂപത്തിൽ
ത—ള്ളി—സാ—ത്താൻ
യേശുവേ!—യേശുവേ!!—ആശു നീ വരികെന്മനേ ആ

4 നിഷ്ഫലങ്കമാം—നല്ല—ഫ്രൂത്തിനെയുടൻ
നല്കിടേണമിന്നു നിന്റെ യോഗ്യതയ്ക്കു ചേർന്നപോൽ
വാ—സം—ചെ—യ്വാൻ
യേശുവേ!—യേശുവേ!!—ആശു നീ വരികെന്മനേ ആ

5 നിയ്യൊഴിഞ്ഞുള്ള—വേല—ചെയ്യുവാനിവൻ
കയ്യിളക്കിടാതിരിക്കുവാനിവന്റെ പാണികൾ
ബ—ന്ധി—ക്കു—വാൻ
യേശുവേ!!—യേശുവേ!!—ആശു നീ വരികേന്മനേ ആ

6 നിന്റെ മാർഗ്ഗത്തിൽ—ക്രൂടെ—സഞ്ചരിക്കുവാൻ
എന്റെ കാലുകൾക്കു ഭാഗ്യമേകിടേണമിന്നു നീ
ദാ—ന—ശീ—ല!
യേശുവേ!—യേശുവേ!!—ആശു നീ വരികേന്മനേ ആ

7 നിന്നെ വിട്ടഹോ-മറു-കായ്ചിന്തകൾ
ഒന്നുമെന്റെ മാനസത്തിലെത്തിടാതിരിക്കുവാൻ
കാ—ത്തീ—ടേ—ണം.
യേശുവേ!-യേശുവേ!!-ആശു നീ വരികെന്മനേ ആ

8 ഏതു നേരവും-നിന്റെ-കായ്മോതുവാൻ
മോദമോടിവന്റെ നാവിനിന്നു ഭാഗ്യമേകണം
കാ—രു—ണ്യാ—ബ്ധെ!
യേശുവേ!-യേശുവേ!!-ആശു നീ വരികെന്മനേ. ആ

സത്യാന്വേഷണം.

XI.

സംശയവാദഖണ്ഡനം.

സംശയവാദികളുടെ ശാഠ്യം സാധുകരിക്കത്തക്കതല്ല.

സംശയ വാദികൾ സഹജന്യനിശ്ചയങ്ങൾ പരാവർത്തിതനിശ്ചയങ്ങളിൽ നിന്നു വ്യത്യസ്തങ്ങൾ എന്നു സംവദിക്കുന്നുവെങ്കിലും, സഹജന്യങ്ങളായവ രൂപാന്തരപ്പെട്ടു പരാവർത്തിതങ്ങളായിക്കൂടാ എന്നു നിഷേധിക്കുന്നു. അതിനാൽ നിശ്ചയങ്ങളുടെ വിഷയാസ്പദതത്വം സംബന്ധിച്ചിടത്തോളം ഒന്നും തീരുമാനിച്ചു കൂടായെന്നാണ് പറയുന്നത്.

എന്നാൽ അവരുടെ ന്യായങ്ങളെല്ലാം നിശ്ചയങ്ങളുടെ വിഷയാസ്പദതത്വവും അനേഷണാവിഷയമായി തീരണമെന്നല്ലാതെ അവയുടെ വിഷയാശ്രയത്വം സർവ്വപ്രകാരണയും ദുഷ്പ്രാപ്യമെന്നു ഒരു വിധത്തിലും തെളിയിക്കുന്നില്ല.

എന്തെന്നാൽ അവരുടെ ന്യായങ്ങൾ ഒന്നുകിൽ സുബദ്ധാബദ്ധവിവേചനത്തിനുള്ള പദ്ധതിരൂപീകരണം അതിനെപ്പറ്റി ഒരു പരിശോധനയും നടത്താതെ തന്നെ ഉപയോഗശൂന്യമെന്നു തെളിയിക്കയൊ, അല്ലെങ്കിൽ അതിന്റെ പരിശോധനാനന്തരവും നിശ്ചയങ്ങളുടെ വിഷയാശ്രയത്വം ആകട്ടെ തെളിയിക്കുന്നതിനു സാധിച്ചിട്ടില്ലെന്നു സകാരണം ബോധ്യപ്പെടുത്തുകയൊ ആയിരിക്കണം. എന്നാൽ ഇതു രണ്ടും അവർക്കു സാധിച്ചിട്ടില്ല.

A. പൂർവ്വഭാഗത്തിനുള്ള അവരുടെ ന്യായങ്ങളിൽ ചിലതു ദ്ധരിക്കാം.

1. മനുഷ്യരുടെ ഇടയിൽ പലതിനെ സംബന്ധിച്ചും പൂർവ്വാപരവിരുദ്ധപ്രസ്താവനകളും ചിലതിനെ സംബന്ധിച്ചു തെറ്റിദ്ധാരണകളും പലേടത്തും അജ്ഞതയുമുണ്ട്.

2. കൂടാതെയും ഏതെങ്കിലും ഒരു ന്യായംകൊണ്ട് എന്തെങ്കിലും ഒരു പ്രസ്താവന തെളിയിച്ചു വിശദീകരിച്ചുവെന്നു വിചാരിക്കാം. എന്നാൽ ആ ന്യായത്തിനു ആധാരമായി മറെറാരു ന്യായം വേണം. വീണ്ടും അതിനു വേറൊന്നു ഇങ്ങിനെ അവസാനമില്ലാതെ കിടക്കാൻ പാടുള്ളതിനാൽ ഒരു ന്യായവും പൂർണ്ണമായി ഒരു നിശ്ചയത്തിന്റെ വിഷയാശ്രയത്വം തെളിയിക്കുന്നതായി അനുമാനിച്ചുകൂടാ.

3. നമുടെ ബോധങ്ങളൊക്കെ വിഷയാസ്പദങ്ങളെന്നു നാമേവരും വിശ്വസിച്ചിരിക്കെ നമ്മെ വല്ല ദുഷ്ടാശുചികളും സർവ്വഥാ തട്ടിക്കുകയല്ലയൊ എന്നു ആക്കിയാം. ഈ ന്യായങ്ങളാൽ പദ്ധതിരൂപീകരണത്തിനായി ഉദ്യമിച്ചിട്ടു കായ്മില്ല. അതു ഉപയോഗശൂന്യമാണ് എന്നു സംശയവാദികൾ വാദിക്കുന്നു.—എന്നാൽ ഇവരുടെ ഈ വാദങ്ങൾ കൊ

ണ്ടു് ഇവർ ഉദ്ദേശിച്ച കായ്യം സാധിക്കുന്നുണ്ടോ?

ഇല്ലായെന്നു സധൈയ്യം പറയുന്നു.

1. പലപ്പോഴും മനുഷ്യക്കു് അബദ്ധവും തെററിധാരണയും ഉണ്ടാകുന്നുവെന്നതു നിഷേധിച്ചുകൂടാത്തതാണു്. എന്നാൽ മനുഷ്യൻ തെററിയെ തിരുവെന്നൊ അബദ്ധത്തിൽ നിന്നു മുക്തിപ്രാപിക്കുന്നതിനു ഒരു മാർഗ്ഗവുമില്ലെന്നൊ അതിൽ നിന്നു അനുമാനിച്ചുകൂടാ. പരാവർത്തനത്തിനു മുമ്പായി ഒരു മാർഗ്ഗവും കാണാതെ വന്നെക്കാം. അതിനു മുമ്പു തെററിന്റെ തന്നെയും ഒരു ബോദ്ധ്യവും ഇല്ലെന്നും വന്നേക്കാം. എന്നാൽപരാവർത്തനത്തിനുശേഷം ഈസ്ഥിതിക്കു അന്തരം ഭവിച്ചേതീരു. പൂർവ്വാപരവിരുദ്ധങ്ങളായ പ്രസ്താവനകൾ നമുടെ ഇടയിൽ ഉണ്ടെന്നുമാത്രമല്ലാ മുമ്പെ പറഞ്ഞതിനെ പിന്നീടു ഖണ്ഡിച്ചു പ്രസ്താവിക്കുന്ന ആളുകളും നമ്മുടെ ഇടയിൽ ഉണ്ടു്. എന്നാൽ അങ്ങിനെയാണു് എല്ലായിപ്പോഴും സംഭവിക്കുന്നതെന്നു വരുന്നില്ലാ. ആക്കും തക്കമില്ലാത്ത പ്രസ്താവനകൾ ഇല്ലാതില്ലാ. 2×2=4:ആണെന്നു ആരാണു് സംവദിക്കാത്തതു്. ഇങ്ങിനെ വേറെയും ഉണ്ടു്. കൂടാതെയും പൂർവ്വാപരവിരുദ്ധപ്രസ്താവനകളിൽ ഏതു അബദ്ധമെന്നും ഏതു സുബദ്ധമെന്നും വിവേചിച്ചറിയുന്നതിനു മാർഗ്ഗങ്ങളൊന്നുമില്ലെന്നു സംശയവാദികൾ തെളിയിച്ചിട്ടില്ല

2. നമുടെ വാദപ്രതിവാദങ്ങളിലൊക്കെ അനന്ത്യമായ ന്യായപരമ്പര അവശ്യം വന്നുകൂടുന്നുയെന്നു പറയുന്നു. എല്ലാപ്രസ്താവനകൾക്കും ആധാരമായി ഒരു ഇതര ന്യായം വേണമെന്നുള്ളതു് സമ്മതിക്കായ്യമല്ലാ. ചില പ്രസ്താവനകൾ സ്വതെ പ്രസ്പഷ്ടങ്ങളാണു്. 2×2=4: എന്നു ഇതരന്യായങ്ങൾ കൂടാതെ ആരും സംവദിക്കും. കായ്യകാരണതത്വം സമ്മതിക്കുന്നതിനു ഇതരന്യായങ്ങളാവശ്യപ്പെടുന്നവരാരാണു്. അനന്ത്യഹീനമായ ന്യായപരമ്പര ഇതിനാലെ പൊളിയുന്നു.

3. നമുക്കു പലതിന്റെയും ജ്ഞാനം ഇല്ലെന്നുള്ളതും തർക്കമില്ലാത്തതു തന്നെ. എങ്കിലും എല്ലാം അറിഞ്ഞിരുന്നെങ്കിൽ മാത്രമേ നിശ്ചയജ്ഞാനം ഉത്ഭവിച്ചുകൂടു എന്നുള്ള ശാഠ്യം സമ്മതിക്കായ്യയോഗ്യമല്ല. പരസ്പരബന്ധമില്ലാത്ത ജ്ഞാനവിഷയങ്ങൾ വേണ്ടുവോളമുണ്ടു്. ഗണിതശാസ്ത്രതത്വങ്ങളും സന്മാർഗ്ഗശാസ്ത്രതത്വങ്ങളും തമ്മിൽ എന്തു സംബന്ധമാണുള്ളതു്? കൂടാതെയും ഈ വാദമനുസരിച്ചു ശാസ്ത്രങ്ങളൊക്കെ ഒന്നിച്ചു മാത്രമേ സമ്പാദിച്ചുകൂടു. ഇതു നമുടെ അനുഭവങ്ങൾക്കെതിരാണല്ലൊ.

4. ദൃഷ്ടാന്തപിയുടെ ചരിത്രപ്രയോഗത്തെപ്പററി സംശയിച്ചിട്ടു കായ്യമൊന്നുമില്ല. മനുഷ്യന്റെ ഏതു ശക്തിക്കും തെററു വരാമെന്നല്ലാതെ വന്നേതീരുവെന്നില്ല. അങ്ങിനെ ആയിരുന്നാൽ സൃഷ്ടിപ്പു തന്നെ പരാജയമായി പരിണമിച്ചേനെ. കൂടാതെയും തെററു വിവേചിച്ചറിയുന്നതിനു മാർഗ്ഗവുമില്ലാതില്ലല്ലൊ.

B. അപരഭാഗത്തിനുള്ള കുലമായി അവരിങ്ങനെയാണു് വാദിക്കുന്നതു്. പരാവർത്തനത്തിനു ശേഷവും പല തെററുകളും അബദ്ധങ്ങളും സംഭവിക്കുന്നുണ്ടല്ലൊ. അതിനാൽ പരാവർത്തത്തിനു ശേഷവും നിശ്ചയങ്ങളുടെ വിഷയാശ്രയതത്വം ദുഷ്പ്രാപ്യമെന്നു അനുമാനിക്കാം.

എന്നാൽ പരാവർത്തത്തിനു ശേഷം പലതും തർക്കമറവായുണ്ടെന്നു ഈ കൂട്ടരുടെ തൃപ്തിക്കായി ഒന്നുകൂടി പറയാം. സ്വതേ പ്രസ്പഷ്ടമായവയെപ്പററി ആരാണു തർക്കിക്കുന്നതു്. കൂടാതെയും പരാവർത്തത്തിനു ശേഷവും തെററുണ്ടാകുന്നതു ശ്രദ്ധക്കുറവാലാണു്. ചെയ്യേണ്ട വിധത്തിൽ ചെയ്യാത്തതിനാലാണു്. ആ ന്യൂനതക്കും നിവാരണമാർഗ്ഗം പരാവർത്തനം തന്നെ.

ഭാരതീയരോടുള്ള മഹാസഭയുടെ സന്ദേശം. *

[തുടർച്ച]

(സി. അന്തപ്പായി ബി. എ.)

മിതമാനസന്മാരായ പണ്ഡിതന്മാർ യൂറോപ്പുചരിത്രം അധികമധികമായി പഠിച്ചുവരുന്തോറും, അവർ ഏതുവഴിക്കാരോ, വിശ്വാസക്കാരോ ആയിരുന്നാലും, അത്ര പരിഷ്കൃതമായ സാധനത്തിൽനിന്നു യൂറോപ്പു ജാതികളെ ഉണ്ടാക്കുകയെന്നതു ശക്യമാകുവാനും യഥാർത്ഥമായി അതു സാധിപ്പാനും കഴിഞ്ഞതു മനുഷ്യവംശത്തിന്മേലുള്ള ക്രിസ്തുവിന്റെ ശക്തിയാൽ മാത്രമാണെന്നു നന്ദിപൂർവ്വം സമ്മതിക്കയും ചെയ്യുന്നു. പ്രധാനന്മാരായ ആരും ആ തെളിവിനെ നിഷേധിക്കുന്നില്ല. ആധുനികരാജ്യതന്ത്രത്തിന്റെ അന്ധകാരവും, സങ്കീർണ്ണതയും, ഇക്കാലത്തെ ഭാക്കുകളുടെ കഴപ്പും, നിമിത്തമാണ് അതിനെ ജനങ്ങൾ വിസ്മരിക്കയും അവഗണിക്കയും ചെയ്യുന്നതു്. എങ്കിലും ഇന്നു മനുഷ്യർ അവരുടെ കണ്ണുകളെ ഉയർത്തി നോക്കുകമാത്രം ചെയ്യുന്നപക്ഷം അവരുടെ ഇടയിലും അവർക്കു ചുറ്റും അതേശക്തിതന്നെ മനുഷ്യരേ ഉയർത്തുകയും, പൂർവ്വജാതികൾക്കു പുതിയ ജീവൻ കൊടുക്കയും, ബാലന്മാർക്കു അടിസ്ഥാനങ്ങളെ ഇട്ടുകയും, യേശുക്രിസ്തുവിന്റെ നാമത്തിൽ "സകലത്തെയും നവീകരിക്കയും" ചെയ്യുന്ന പ്രവൃത്തിയിൽ ഉപയോഗിച്ചിരിക്കുന്നതായി അവർക്കു കാണാം. യൂറോപ്പിന്റെ സുന്ദരമായ മുഖത്തു ഹാ! സവ്രണങ്ങളായ സ്ഥലങ്ങളും അന്തർഗതമായ രോഗത്തിന്റെ ലക്ഷണങ്ങളും ഉണ്ടായിരിക്കുന്നു. എങ്കിലും ഇവയെക്കുറിച്ചു നിങ്ങൾ അന്വേഷിച്ചറിയുവിൻ, അപ്പോൾ അതേ സ്ഥലങ്ങളിൽ തന്നെയാണ് ക്രിസ്തുവിന്റെ ശക്തി ക്ഷയിച്ചിരിക്കുന്നതെന്നു നിങ്ങൾക്കു കാണാം. അദ്ദേഹത്തിന്റെ നാമധേയം വിസ്മരിക്കപ്പെട്ടിരിക്കുന്നു. അമേരിക്കാ ഒരു പുതിയ ലോകമാകുന്നുവല്ലൊ. ഒരു ശതാബ്ദത്തിൽ അല്പമാത്രം കൂടിയ കാലത്തിനിടയിൽ ജാതികളുടെ ഇടയിൽ അതു ഒരു മുഖ്യസ്ഥാനത്തേക്കു ചാടിവീണിരിക്കുന്നു. ഇക്കഴിഞ്ഞ ഏതാനും സംവത്സരങ്ങൾക്കിടയിൽ അതിന്റെ ദക്ഷിണഭാഗത്തുള്ള പ്രജാധിപത്യം ഭാവികാലത്തു വലിയ കാര്യങ്ങൾ ചെയ്വാൻ ശക്തമായിത്തീരുമെന്നു തോന്നിത്തുടങ്ങിയിരിക്കുന്നു. ഈ വളർച്ചയെ സൂക്ഷിച്ചറിയുവിൻ, എന്നാൽ ആ രാജ്യത്തിന്റെ ഉത്തരഭാഗത്തു ഈ ശതാബ്ദത്തിനിടയിൽ ക്രിസ്തുവിന്റെ സഭ പത്തുലക്ഷത്തിൽ നിന്നു ഇരുനൂറായി അവയെ ലക്ഷത്തോളമായി വർദ്ധിച്ചിരിക്കുന്നുവെന്നു നിങ്ങൾക്കു കാണാം. ദക്ഷിണഭാഗത്താകട്ടെ, ജാതികൾ അവരുടെ പ്രഭുവായ ക്രിസ്തുവിന്റെ നാമത്തിൽ തങ്ങളുടെ ഇടയിൽ വീണ്ടും സമാധാനത്തെ അന്വേഷിച്ച ദിവസം മുതൽക്കു അഭ്യുദയത്തിന്റെ ഉഷസ്സാരംഭിക്കയുണ്ടായി. എന്നുമാത്രമല്ല അമേരിക്കയിൽ തന്നെയല്ല ആസ്യായിലും

ക്രിസ്തുവിന്റെ നാമം

എന്നുവച്ചാൽ ഏതുമനുഷ്യനും അതിന്റെ അർത്ഥം എന്താകുന്നു? ഞാനിവിടെ ക്രിസ്തുവിൽ വിശ്വസിക്കുന്നവരോടും, വിശ്വസിക്കാത്തവരോടും ഒരുപോലെയാണ് ഈ ചോദ്യം ചോദിക്കുന്നതു്. ക്രിസ്തുനാമത്തിന്റെ അർത്ഥം പക്ഷേ യന്ത്രസാമഗ്രികളെന്നോ തീവണ്ടിവഴികളെന്നോ ഐശ്വര്യമെന്നോ ആയിരിക്കയില്ല. ഇവ അഭ്യുദയത്തിന്റേയും സമാധാനത്തിന്റേയും കരണങ്ങൾ മാത്രമാ

* കഴിഞ്ഞ ജനുവരിമാസത്തിൽ മദ്രാസിൽവെച്ചു നടത്തിയ മഹാസഭയുടെ ഉൽഘാടനത്തിൽ ബോംബെആർച്ച്ബിഷോപ്പ് ഉഡിയർ അവർകൾചെയ്ത പ്രസംഗത്തിന്റെ ഭാഷാന്തരം.

കുന്നു. ഇവ ഒരു അനുഗ്രഹമെന്ന പോലെ തന്നെ ഒരു വലിയ ആപത്തുമായി തീർന്നേക്കാം. ശക്തിയെ നന്മയായിരിക്കയില്ല അതിന്റെ അർത്ഥം. സ്പഷ്ടത കുറഞ്ഞവിധത്തിൽ അങ്ങനെ ഒരർത്ഥം അതിനില്ലെന്നില്ല. പക്ഷേ അതായാൽ അതിന്റെ ആഡംബരവും പ്രതാപവും വെട്ടിനിക്കിക്കളയണം. എങ്കിലും മനുഷ്യജാതിയുടെ സത്യമായ നന്മയ്ക്കുവേണ്ടി ഇവയെല്ലാറ്റിലും അധികം അർത്ഥവത്തായ ഒരർത്ഥം അതിനുണ്ട്. സംസ്കാരം സിദ്ധിച്ചിട്ടില്ലാത്തവരുടെ ശിക്ഷണം അഥവാ അഭ്യാസം എന്ന അതിനർത്ഥമുണ്ട്. യേശുക്രിസ്തു വെളിപ്പെടുത്തുകയും കടന്നുപോകുന്നേടത്തെല്ലാം അസംസ്കൃതവസ്തുക്കൾ ആ ജനസമൂഹത്തെ ശീലിക്കയും സമാധാനത്തോടുകൂടിയ ഒരു ജീവിതം ജീവിക്കയും ചെയ്തിട്ടുണ്ട്. വനത്തിലെ ഏറ്റവും താണവരായ ജനങ്ങളിൽ താല്പര്യമെന്നുള്ള ഒരർത്ഥം അതിനുണ്ട്. പറയനായാലും സ്പർശിക്കപ്പെടുവാൻ പാടില്ലാത്തവനായാലും അവൻ അദ്ദേഹത്തിന്റെ രക്ഷ എത്താത്തവനായി വിചാരിക്കപ്പെട്ടുന്നില്ല. ദരിദ്രന്മാരുടെ രക്ഷണം എന്നും അതിനു അർത്ഥമുണ്ട്. യേശുക്രിസ്തുവിന്റെ അധികാരം നടത്തപ്പെട്ടുന്നേടത്തെല്ലാം അനാഥന്മാർ രക്ഷിക്കപ്പെടുകയും, വൃദ്ധന്മാർക്കു ഭവനം കൊടുക്കപ്പെടുകയും രോഗികളും ദുഃഖിതന്മാരും പരിപാലിക്കപ്പെടുകയും ചെയ്യുന്നു. വിദ്യാഭ്യാസപ്രചാരം എന്നും അതിനു പ്രാപിക്കാവുന്ന എല്ലാവർക്കുംവേണ്ടി പാഠശാലകളുടേയും വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങളുടേയും വർദ്ധനം എന്നും അതിനു അർത്ഥമുണ്ട്. സർവ്വപ്രധാനമായും ഇവയൊക്കെക്കും മുമ്പായും മനുഷ്യനേത്തന്നെ പരിപൂർണ്ണനാക്കുകയെന്നും അതിനു അർത്ഥമുണ്ട്. ഇതിന്റെ ഉദ്ദേശ്യം പരിപൂർണ്ണനാക്കപ്പെട്ട ഓരോരുത്തൻ മൂലമായി മനുഷ്യർ ഒരു പരിപൂർണ്ണവ്യക്തിമാകത്തക്കവണ്ണം സകല മനുഷ്യരുടേയും ആദർശമായപുരുഷനോടു ആനുരൂപ്യം ഉണ്ടായിരിക്കണമെന്നുകുന്നു. "ഒരു പരിപൂർണ്ണവ്യക്തിമാകത്തക്കവണ്ണം" എന്ന വാക്യത്തെ ഞാൻ ആവർത്തിച്ചുപറയട്ടെ. ക്രിസ്തുവിന്റെ സഭ ജാതികളുടെ ശത്രുവാണെന്നും ഒരാക്ഷേപമുണ്ട്. അത് രാജ്യഭരണങ്ങളിലും അധികാരങ്ങളിലും പ്രവേശിക്കുന്നു എന്നും, രാജഭക്തിക്കും സ്വാതന്ത്ര്യത്തിനും സ്വന്തമായിരിക്കുന്ന അഭിലാഷങ്ങൾക്കു വിരോധമായിപ്രവർത്തിക്കുന്നുവെന്നും ഒരാക്ഷേപമുണ്ട്. ഇതിനു ഉത്തരമായി ഞാൻ ഒന്നാമതുതന്നെ ഈ ആക്ഷേപം ഒരു അസത്യമാണെന്നു തീർത്തുപറയട്ടെ. നാം നാല്പ സംവത്സരങ്ങൾ ഭയങ്കരദുഃഖങ്ങളിൽ കൂടി കടന്നുപോയിരിക്കുന്നു. നമ്മുടെ ജനങ്ങൾ മറ്റുള്ളവരെപ്പോലെ അവരുടെ രക്തം ചൊരികയുണ്ടായി. സൈന്യങ്ങളോടനുബന്ധിക്കപ്പെട്ട നമ്മുടെ വൈദികന്മാർ യുദ്ധക്കളത്തിൽ ഒരു ബഹുമാനപാത്രമായിരുന്നു എന്നു ഞാൻ ശേഷമുള്ളവരേക്കാൾ ധൈര്യം അവലംബിച്ചു പറയട്ടെ. യുദ്ധത്തിൽ ജയം പ്രാപിച്ചപ്പോൾ ആ ജയത്തിന്റെ പ്രതാപം തങ്ങളുടെ രാജ്യത്തിന്റേയും തങ്ങളുടെ ക്രൈസ്തവമതത്തിന്റേയും നേരെ ഭക്തിയുള്ളവരായിരുന്നവർക്കു സിദ്ധിച്ചു. സമരം നടന്നുകൊണ്ടിരിക്കയിൽ നാം രാജഭക്തിയില്ലാത്തവരെന്നോ, സ്വാതന്ത്ര്യത്തിനു ഒരു പ്രതിബന്ധമാണെന്നോ സൂചിപ്പിക്കുന്നതായി ഒന്നും പറയപ്പെട്ടിട്ടില്ല. പക്ഷേ ഈ സംഗതിയെ ഞാൻ നീക്കിവെച്ചു രണ്ടാമതായി എല്ലാവരോടും ചോദിക്കുന്നതു, ഈ വിധമുള്ള ആക്ഷേപങ്ങളെ കൊണ്ടുവരുന്നവർ വാസ്തവസംഭവങ്ങൾകൊണ്ടു അവരുടെ സങ്കല്പത്തെ തെളിയിക്കട്ടെ എന്നാകുന്നു. എന്നാൽ ഈ സംഗതിയിൽ,

വാസ്തവസംഭവങ്ങൾ എന്തെല്ലാമാകുന്നു?

നിങ്ങൾ തന്നെ ലോകത്തിലെല്ലായിടത്തും നോക്കുക. ഈ ഇന്ത്യയിൽ തന്നെ നോക്കിയാലും! അപ്പോൾ അവ വളരെ തെളിവായി രേഖപ്പെട്ടിട്ടുള്ള പ്രകാരം നിങ്ങൾക്കു കാണുവാൻ കഴിയും. ക്രിസ്തുവിന്റെ സത്യമായ

സഭ ദേശീയമല്ലെന്നും അതിന്റെ സ്വഭാവത്താൽതന്നെ അപ്രകാരമാകുവാൻ പാടില്ലെന്നും ഞാൻ സമ്മതിക്കുന്നു. അതു് ഇംഗ്ലീഷോ, ജർമ്മനോ, ഇത്താലിയനോ അല്ല. അതു് ആ ഭൂമിയെ സംബന്ധിക്കുന്നതിനേക്കാൾ അധികമായി യൂറോപ്പിനേയോ അമേരിക്കയെയോ സംബന്ധിച്ചതല്ല. അതു് എല്ലാവർക്കുമായും ഒരുപോലെയുള്ള, സാർവ്വത്രികമായ സഭയാകുന്നു. ഞാൻ ഇപ്പോൾ ആരോടു ഭാഷണം ചെയ്യുന്നുവോ ആ സഭസ്സിനേക്കാൾ അധികമായി മറ്റൊന്നുകൊണ്ടും ഈ സത്യം തെളിയിക്കുവാൻ കഴികയില്ലെന്നുള്ളതു് സംശയമില്ലാത്ത ഒരു കാര്യമാകുന്നു. ഇവിടെ കൂടിയിരിക്കുന്ന നാം ഇംഗ്ലീഷുകാരും, പ്രാസക്കാരും, ഇത്താലിയാക്കാരും, പോർത്തുഗീസുകാരും, മറ്റനേകരും ആകുന്നു. നമ്മുടെയിടയിൽ ഇന്ത്യാക്കാരും, ബർമ്മാക്കാരും, ഉയർന്ന ജാതികളും, താണജാതികളും ഉണ്ടു്. നാം സകല വർഗ്ഗങ്ങളുടേയും പ്രതിനിധികളാകുന്നു. ഇങ്ങനെയൊക്കെയായാലും, നമ്മുടെ സഭയിൽ ഇത്രവളരെ ജാതികൾ അടങ്ങിയിരിക്കുന്നതുകൊണ്ടു നാം തന്നെ ഒരു ജാതിയിലും പെട്ടിട്ടില്ലാത്തവരാണെന്നു പറവാൻ ആരാണു തുനിയുന്നതു്? വാസ്തവമെന്തെന്നാൽ, നമ്മുടെ രാജ്ഞിയുടെ നേരേയുള്ള ഈ സ്നേഹംതന്നെയാണു് നമ്മെ ഇവിടെ ഒന്നായികൊണ്ടുവന്നിരിക്കുന്നതു്. നമ്മുടെ സഭയുടെ നേരെ നമുക്കുള്ള ഈ സ്നേഹം തന്നെയാണു് നമ്മുടെ രാജ്ഞിയെ നാം സ്നേഹിക്കുവാൻ അധികമധികമായി കാരണമാക്കുന്നതു്. ഇതു മാത്രമല്ല, നാം ഭൂതകാലത്തേക്കു നോക്കുന്നതായാൽ, ക്രൈസ്തവസഭയുടെ വക്ഷസ്സിലല്ലാതെ നാനാജാതികൾ അതതിന്റെ വിശേഷമനോഭാവത്തോടുകൂടെ വളർത്തപ്പെട്ടുവന്നിരിക്കുന്നതു് എവിടെയാണു്? ഇവിടെ ഞാൻ കേവലം അപ്രസ്തുതമായ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. നാം

യൂറോപ്പിനെ ഇന്ത്യയോടു താരതമ്യപ്പെടുത്തുമ്പോൾ

ഒരു സംഗതി നമുക്കെല്ലാവർക്കും അത്ഭുതകരമായി തോന്നേണ്ടിയിരിക്കുന്നു. യൂറോപ്പിൽ ഇക്കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ നാനാജാതികൾ പരസ്പരവ്യത്യാസങ്ങളോടുകൂടിയാണു് വളർന്നുവന്നിരിക്കുന്നതു്. ഓരോന്നിനും സ്വീയമായ നിയമസംഹതിയും, അവകാശങ്ങളും, സ്വതന്ത്രതകളും ഉണ്ടു്. ഇന്ത്യയിലാകട്ടെ, നമുക്കു ഒരു വിശാലമായ ഭൂഖണ്ഡമാണുള്ളതു്. വ്യക്തിയോടുകൂടെ വളരുവാൻ അതിനിടവന്നിട്ടില്ല. അവിടെ നാനാജാതികൾ ഒരു അസാധ്യമായ സംകീർണ്ണകമായി കുഴഞ്ഞുപോയിരിക്കുന്നു. ഇതിന്റെ ഫലമായി അതു വഴിക്കുവഴി വന്ന ആക്രമണങ്ങൾക്കിരയായിത്തീർന്നിരിക്കുന്നു. ഇതിന്റെ കാരണമെന്തു്? ജാതികളെ ബഹുമാനിക്കയും ജാതികൾ തമ്മിൽ ബഹുമാനിക്കണമെന്നു പഠിപ്പിക്കയും ചെയ്ത ഒരു സഭയാണു് യൂറോപ്പിന്റെ നേതൃത്വം വഹിച്ചതു്. കഴിഞ്ഞ കാലങ്ങളിൽ ഇന്ത്യക്കു് അങ്ങനെ വല്ല രക്ഷിതാവും ഉണ്ടായിരിക്കുമാത്രം ചെയ്തിരുന്നെങ്കിൽ അതു ഇന്നു ലോകത്തിൽ ജാതികളുടെ എത്ര സംയുക്തമായ ഒരു ശക്തിയാകുമായിരുന്നു! ഇക്കാലത്തുപോലും വീണ്ടും ഓരോ പുതിയ ജാതികൾ ഉണ്ടായികൊണ്ടിരിക്കെ, തങ്ങളുടെ അവകാശത്തിന്റെ രക്ഷയ്ക്കായി ഒരുവിധം സഹജജ്ഞാനത്താലെന്നപോലെ, അവർ എവിടെക്കാണു നോക്കുന്നതു? ന്യായംകൂടാതെയല്ല; അവരെല്ലാവരും ക്രിസ്തുവിൽ വിശ്വാസമുള്ള സകലരുടേയും പിതാവായ റോമയിലെ

പരിശുദ്ധ പിതാവിന്റെ അടുക്കലേക്കു രാജദൂതന്മാരെ

അയക്കയും അദ്ദേഹത്തിൽ നിന്നു പ്രതിനിധികളെ ലഭിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. ക്രൈസ്തവ മതത്തിന്റെ പരമനായകനായ ചുറവും നിൽക്കുവാൻ ഇത്രയധികം ജാതികളുടെ പ്രതിനിധികളെ അയക്കുവാൻ ആ

വശപ്പെട്ട ഒരു കാലം ഇപ്പോഴത്തെപ്പോലെ ഇതിനുമുമ്പു ലോകചരിത്രത്തിൽ ഒരിക്കലുമുണ്ടായിട്ടില്ല. ജാപ്പാൻ വൃഥാവിലല്ല അതിന്റെ രാജ്ഞിതനേയും, ചൈന അതിന്റെ രാജ്യപ്രതിനിധിയേയും, അയച്ചത്. കോൺസ്റ്റാന്തിനോപ്പിളിൽ തുർക്കികൾ പരിശുദ്ധ പിതാവിനു ഒരു സ്മാരകം പണി ചെയ്തതു വൃഥാവിലല്ല. യൂറോപ്പിൽ നിന്നു കലിഫാത്തു കമ്മിറ്റി ഇന്നയിടെ തിരിച്ചുവന്നപ്പോൾ, പശ്ചിമരാജ്യത്തെ അധികൃതന്മാരിൽവച്ചു റോമയിലെ ചാപ്പ്ലാ മാത്രമേ തങ്ങളെ ഗ്രഹിച്ചിട്ടുള്ളു എന്നു അവർ ഉച്ചരിച്ചതു് വ്യർത്ഥമായ ഒരു വചനമല്ല. തിരുസ്സഭ ജാതികളുടെ ശത്രുവാണെന്നു അധിക്ഷേപിക്കുന്നതു തീരെ അസത്യമാണെന്നു ഞാൻ പറയുമ്പോൾ, നാം എല്ലാവരുടേയും ഹൃദയങ്ങളിൽ പ്രത്യേകം എരിയുന്നുവെന്നു എനിക്കറിവുള്ള സ്വദേശാഭിമാനം എന്ന സംഗതിക്കു പുറമേ നിങ്ങൾക്കു ചൂണ്ടിക്കാണിച്ചു തരപ്പെടാവുന്ന ഏതാനും വാസ്തവസംഭവങ്ങളാകുന്നു ഇപ്പോൾ പറയപ്പെട്ടവ. ആകയാൽ ഈ കാര്യം ഞാൻ ഇപ്പോൾ നീക്കിവെക്കട്ടെ. അതിനു പകരം കത്തോലിക്കരായ നാം നമ്മുടെ രാജ്യത്തിന്റെ അഭിവൃദ്ധിക്കായി എന്തു ദാനമാണ് കൊടുക്കുവാൻ മനസ്സായിരിക്കുന്നതെന്നു എന്നാൽ കഴിയുന്നേടത്തോളം വ്യക്തമായി, മുൻ പറഞ്ഞ വചനങ്ങളെത്തന്നെ ഞാൻ ആവർത്തിച്ചു പറയട്ടെ. ധനമെന്നതു് നമുക്കു സപ്പല്പമേയുള്ളു. മിക്കവാറും ഒന്നുമില്ലെന്നു പറയാം. അധികാരത്തിനുള്ള മാർഗ്ഗങ്ങളെ ദൈവത്തിന്റെ പൂർവ്വാധികമായ പ്രതാപത്തിനും മനുഷ്യരുടെ ഗുണത്തിനും അതുപകരിക്കുന്ന സംഗതിയിലൊഴികെ, നാം ആഗ്രഹിക്കുന്നില്ല. എങ്കിലും തങ്ങൾ ഉയർന്നവരായാലും, താണവരായാലും, ഇന്ത്യാക്കാരെയും, ഇംഗ്ലീഷ്കാരെയും മനുഷ്യരെ സാമാന്യമായും അധികം നന്നാക്കുന്നതായി നമുക്കുള്ളതെല്ലാം ഓരോരുത്തനും എല്ലാവക്കും കൊടുപ്പാനുള്ള

സ്വാതന്ത്ര്യം

ത്തിനായി അപേക്ഷിക്കുവാൻ നാം മനസ്സുള്ളവരാകുന്നു. നാം ഇതുവരെ ചെയ്തിട്ടുള്ളതുപോലെ തന്നെയും നമ്മുടെ രാജ്യത്തിനു ദാനം ചെയ്യേണ്ടതായിരിക്കുന്നു. ധനത്തിന്റെ വർദ്ധനത്തേയോ, സൈന്യങ്ങളുടെ ശക്തിയേയോ, ജീവിതസുഖങ്ങളുടെ ബാഹുല്യത്തേയൊക്കാൾ ഈ നല്ല ജനങ്ങളെ സകല സാമ്രാജ്യങ്ങളുടെയും ഭാവിയായ സമാധാനത്തിനും അഭ്യുദയത്തിനുംവേണ്ടി വിശ്വസിക്കണമെന്നു നാം ആവശ്യപ്പെടുന്നു. ക്രിസ്തുവിൽ പ്രിയ പുത്രന്മാരേ, ഈ ഉദ്ദേശ്യമാകുന്നു നാമെല്ലാവരേയും ഈ മഹായോഗത്തിൽ ഒന്നിച്ചു കൊണ്ടുവന്നിരിക്കുന്നതെന്നു ഞാൻ അഭിപ്രായപ്പെടുന്നു. നാം കത്തോലിക്കരാകുന്നു. നാം ഇന്ത്യയിലെ കത്തോലിക്കരാകുന്നു. സാർവ്വത്രികമായ സഭയുടെ അവയവങ്ങളുമാകുന്നു. ഈ സഭയിൽ ലോകമൊക്കയിലും കൂടി മൂവായിരത്തിലധികം ലക്ഷം ജനങ്ങളുണ്ടെങ്കിലും നാം സ്നേഹിക്കുന്ന ഒരു രാജ്യത്താകുന്നു അവർ വസിക്കുന്നതു്. അതിനു ഭാവികാലത്തിൽ

അനേക കാര്യങ്ങൾ സാധിപ്പാൻ കഴിയും.

അതിനായി നമ്മാൽ കഴിയുന്നേടത്തോളം സഹായിപ്പാൻ നാം ഒരുക്കമുള്ളവരാകുന്നു. നമ്മുടെ ഈ പ്രവൃത്തിക്കു നമുടെ യോഗങ്ങൾ പ്രയോജനകരങ്ങളായിരിക്കട്ടെ. നമുടെ യത്നങ്ങളേയും, നാം വഴിയായി സഹോദരതേപന നാം സ്വീകരിക്കുന്ന സകലരേയും, ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

സെൽറ് മേരീസ്തവം.

(കെ. എം. കൊച്ചിപ്പൻമാപ്പിള)

കാ സ്യകാനില നിങ്ങിടാത്തനവോഢ താൻ പ്രസവിച്ചുവെ-
ന്നസ്യജാതമത സ്ഥാലപവാദമേററിഹ ബോത്തലേം
ധന്യപട്ടണവിചിത്രകലെരുത്തിലിൽ പ്രജ വാങ്ങുവാ-
നന്യയെന്നിയെ ചെററാരെൻ മരിയാംബികെ ചരിപാഹിമാം.

കാ ത്ത ഭനാൻപു വധൂടിരതമനേകമീശപരപുത്രനേ
കാത്തുഗർഭഗ്രഹയ്യുകത്ത വരുത്തുവാനമിതസ്യകൾ
മൂത്തുപോയതിനാലപാത്രകളായ്ത്രപാസഹിതം നിജാ-
മാത്തുനീയുടനായൊരെൻ മരിയാംബികെ ചരിപാഹിമാം.

കി ട്ടിഭാഗ്യവതീതിനാമമഹതപമിദ്ധരണീതലെ
കുട്ടിയായി വയററിലീശപരപുത്രനങ്ങു ഇനിക്കയാൽ
കുട്ടിയായൊരു തങ്കമിട്ടൊരു പെട്ടിപോലെ വയററിലുൾ-
പെട്ടിതീശപരനെന്നൊരെൻ മരിയാംബികെ ചരിപാഹിമാം.

കീ ലമഞ്ഞുതറച്ചപുത്രശരീരമായതിലന്നു വൻ
ശ്രീലമംബിക തൻറെ നെഞ്ചിലുമെന്നപോലതു കാലവും
കാലമേതിലുമേകപുത്രനിലാസ്ഥയോടുമനാരതം
മാലകത്തു സഹിച്ചൊരെൻ മരിയാംബികെ ചരിപാഹിമാം.

കു ട്ടിയാകിയൊരേശുവേ മടി തന്നിലും നിജ തോളിലും
തൊട്ടി തന്നിലുമിട്ടു ശൈശവകാലമൊക്കെയുമൻപെഴും
മട്ടിലംബരനാഥനെ പരിപാളനേന ജനിച്ച പൈ-
ത്തൊട്ടിതൊട്ട വളത്തൊരെൻ മരിയാംബികേ ചരി പാഹിമാം.

കൃ റൊടേശുകുമാരനെ കുരിശോളവും പിറകെ നട-
ന്നാറൊടൊത്തൊരു കണ്ണനീരൊടു ചിന്തുടന്നൊരു സാദ്ധപിനീ
മാറൊടമുലയുണ്ണുവാൻ തിരുബാലനേ കരതാരണ-
സ്ഥാറൊരാഗ്രണമന്നൊരെൻ മരിയാംബികേ ചരിപാഹിമാം.

കൃ ത്യനിഷ്ഠയൊടീശഭക്തിയുമേറിടുന്നൊരു താഴ്മയും
സത്യബോധവുമൊത്ത നല്ല കുലീനഗോത്രപവിത്രവും
നിത്യഭാഗ്യവുമാന്ന രാജകുമാരിയാം തിരുമേനി സം-
സ്തുത്യ താൻ തൊഴവേന്നിതെൻ മരിയാംബികെ ചരിപാഹിമാം.

കൃഞ്ഞ പൂകാലമതിങ്കലേദനിൽ വച്ച താതനരച്ച സം-
തപ്തമാകിയ ശാപമോക്ഷ യഥാത്ഥവാഹനമായി നീ
ലുപ്തമാക്കി ഭൂഗോരാജശിരസ്സു നിൻ സുതനാലെ സം-
തപ്തമർത്യരെ വീണ്ടെരെൻ മരിയാംബികെ ചരിപാഹിമാം.

കൈ ട്ടിയോനു ഭവിച്ച സംശയമൊട്ടമേ ശരിയല്ലിതെൻ
ഇട്ടിയേ, നിതരാഘതിപ്രതനിഷ്ഠതാനിതി ഗബ്രിയേൽ
തട്ടി യൂസഫിനെ കിനാവിലുണത്തിയന്നറിയിച്ച നാൾ
തൊട്ടിതാധവമൊത്തൊരെൻ മരിയാംബികെ ചരിപാഹിമാം.

ശ്ലോ വലൻറെയൊരുറ പെറൊരു തള്ളയായവരാംഗി നിൻ
ചേവടിത്തളിരിങ്കലാദരവോടു വന്നു തൊഴുന്നോരീ
സേവകോഹമനന്തതന്നിലനന്തപാതകിയാണ് മാ-
പ്പാവതോളമിരക്കുവേൻ മരിയാംബികെ പരിപാഹിമാം.

ശ്ലോ തവം കലരാത്ത കന്യകമാർമണെ ഭുവി ധന്യ നീ
കൈതരേണമിനിക്കു ഘോരഭവാബ്ധിയിന്നുകരേറുവാൻ
കൈ വരേണമെനിക്കു നിൻ തനയാശിഷം വരുവാൻ തിരു-
ക്കൈതലയ്ക്കിഹ വച്ചൊരെൻ മരിയാംബികെ പരിപാഹിമാം.

ശ്ലോ ചൂപൊന്മണിമാലയിൻ നടുനായകത്തിലമൂല്യമായ്
വച്ച നല്ലകളാന കൈപ്പുണിയാൽ പടുത്ത സുരത്നമേ
തുച്ചവട്ടിയിൽ പൂരണ്ട വരണ്ട മണ്ണു തുടയ്ക്കുവാ-
നിച്ഛിക്കുവാനിവനെന്നുമെൻ മരിയാംബികെ പരിപാഹികാം.

ശ്ലോ തുകം ഇഡ്ഡികത്തിലേറി മറിഞ്ഞു നിൻ സുത ചട്ടവും
ഭൌതികപ്രഭവപ്രമോദമോടൊത്തു ഞാൻ പല വട്ടവും
പാതിയല്ല മുഴക്കെ വിട്ട നടന്ന ഷ്ടിയടുത്തിതാ
നീതിബോധമകന്നിതെൻ മരിയാംബികെ പരിപാഹിമാം.

ശ്ലോ പമോടനുകമ്പ വിട്ട മഹാദരിദ്രജനത്തിനും
നൊമ്പരം പലതേകി ഞാൻ കഠിനാശയാശയൊടാശയിൽ
നിൻപദാബ്ജമടുത്തു ഞാനിത കെഞ്ചിടുന്നു തവാത്മജൻ
തൻപദെ പൊരുതിക്കിതെൻ മരിയാംബികെ പരിപാഹിമാം.

ശ്ലോ സ്നപമെന്നൊടുവിൽവിധിക്കുതവാത്മജോക്തിയിതെന്നാടായ്
നിസ്സലാരിശമൊട്ടുമാകരുതായതിന്നു കൃപാമൃതം
വിസ്സരിപ്പൊരുവേളയിങ്കലുമെന്നിലേകുണമേയഥാ
വസ്സുതയ്ക്കു തൊഴുന്നിതെൻ മരിയാംബികെ പരിപാഹിമാം.

യാമമേതിലുമീസ്സവം പതിവായി രാപ്പകലത്ര നി-
സ്സീമഭക്തിയൊടേലുമശ്രുപോടോതിടുന്ന ജനങ്ങടെ
ഭീമമാകിയ പാപവും ഭയയാക്ഷമിക്കണമെന്നു നി-
ഷ്കാമമാത്മജുമോതിയെൻ മരിയാംബികെ പരിപാഹിമാം.

സ്ത്രീകളുടെ സാമുദായികനില.

[തുടർച്ച]

(ഫിലോമെനാ.)

സ്ത്രീസമുദായത്തിന്റെ പൂർവചരിത്രത്തിൽ കാണുന്ന അശുഭാംശത്തെ ശരീരശക്തിയുടെ പ്രാധാന്യംകൊണ്ടു വ്യാഖ്യാനിക്കാമെന്നുള്ള പക്ഷക്കാരുണ്ട്. ഒരു വ്യക്തി വേറൊന്നിനധീനപ്പെട്ടു ജീവനം ആരംഭിച്ചാൽ, അവയുടെ ഗതിയിൽ ഒന്നാമത്തേതു് അതിനു സ്വന്തമായ ചില ആയുധങ്ങളില്ലെങ്കിൽ അനന്യസാധാരണമായ അപകർഷത്തെ പ്രാപിച്ചു് ഒടുക്കം നാമാവശേഷമായും മറേറതു് സ്ഥിരപ്രതിഷ്ഠിതമായും തീരുമെന്നു് പ്രകൃതിസംഭവങ്ങളിൽ ചിലതിന്റെ വ്യാഖ്യാനമായി പലരും ചെയ്തിട്ടുള്ള അനുമാനം സ്ത്രീപുരുഷവർഗ്ഗങ്ങളുടെ ജീവിതത്തിലും അനുഭവപ്പെടുന്നുണ്ടെന്നാണ് അ

വരുടെ ന്യായം. അനാത്മികമായ പ്രകൃതിശക്തി മാത്രം അന്തർവ്വിച്ചിട്ടുള്ള സംഗതികളിൽ ഈ തത്ത്വത്തിനു വ്യാപ്തി ചിലതും അനുവദിക്കയും ചെയ്യും. സ്ത്രീപുരുഷവർഗ്ഗങ്ങളുടെ ഗതി ഒരു മത്സരമാണെന്നും, അതിൽ പുരുഷായുധമായ "കായബല"ത്തെ എതിർക്കാൻ സ്ത്രീക്കു "രൂപം", "കൗശലം" എന്നു രണ്ടായുധങ്ങളുണ്ടെന്നുമാണ് അവരുടെ പക്ഷം. രൂപത്തിന്റെ പ്രാധാന്യത്തെപ്പറ്റി അധികമാക്കും സംശയമില്ല.

സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു
സംഭൃത്യതേകിമുതയാഃ പ്രതിബോധവത്യഃ
പ്രാഗന്തരിക്ഷഗമനാത്സുമപത്യജാത-
മന്യൈർദ്വിജൈഃ പരഭൃതാഃ ഖലു പോഷയന്തി".

എന്നു കാളിദാസനും,

"നാരീണാം ഖലു ദുർല്ലഭം നകൃതിശ്ലിഷ്ടം യദീയം മനഃ"

എന്നു കുഞ്ചൻ നമ്പ്യാരും പറഞ്ഞിട്ടുള്ളതു കൗശലത്തെക്കുറിച്ചാണല്ലൊ.

കർമ്മത്തിന്റെ പ്രകൃതം, അനുകൂലമോ പ്രതികൂലമോ എന്തായാലും, കായശക്തിയുടെ പ്രവർത്തനം ഒരിക്കലും ഫലിക്കാതിരിക്കയില്ല. എന്നാൽ സ്ത്രീയുടെ ആയുധങ്ങൾ ബാഹ്യമെങ്കിലും അവയുടെ ഫലനം ആഭ്യന്തരമായതുകൊണ്ട്, അനുഭോക്താവിന്റെ മനഃസ്ഥിതിയുടെ വ്യത്യാസമനുസരിച്ച് അവയുടെ പ്രയോഗവും ഫലിക്കയും ഫലിക്കാതിരിക്കയും ചെയ്യാം. അതിനാൽ സ്ത്രീയുടെ വിജയം അവളുടെ ആയുധങ്ങളുടെ വിജയകരമായ പ്രയോഗത്തെയും ടി പ്രയോഗം പുരുഷചിത്തത്തിന്റെ അനുകൂലാവസ്ഥയെയും ആശ്രയിച്ചിരിക്കാനേ തരമുള്ളൂ. മൂഗതുല്യനായ ഒരു പരിഷ്കൃതഹൃദയനിൽ 'രൂപ'ത്തിനൊന്നും ചെയ്യാൻ കഴിയുന്നില്ല. കൗശലത്തിന്റെ വിജയത്തിനും പുരുഷനിൽ മനഃപരിഷ്കാരം ആവശ്യകമാണ്. ചില പ്രത്യേകാവസരങ്ങളിൽ സ്ത്രീയുടെ ഹൃദയത്തിൽ തിങ്ങിക്കവിയുന്ന വികാരങ്ങളെ ഒന്നായി ഒരു നോട്ടംകൊണ്ടു മറ്റുള്ളവരെ മനസ്സിലാക്കാൻ അവൾക്കു കഴിയും. കരുണയും അനുകമ്പയും യാചിച്ചുകൊണ്ടു ചുരുങ്ങിയ വാക്യങ്ങളിൽ പ്രസ്താവിക്കാൻ കഴിയാത്തവണ്ണം അത്ര പലരെ സംഗതികളെയും ന്യായങ്ങളെയും അടക്കിവെച്ചു യുക്തിവാദം ചെയ്യുന്ന ആ നോട്ടമോ അവസരോചിതം ചിലപ്പോഴെല്ലാം പ്രയോഗിക്കാവുള്ള കൗശലങ്ങളോ ഒരു വികടഹൃദയനിൽ ഭയത്തിനു പകരം ക്രൗര്യത്തെയായിരിക്കും ഉദ്ദീപിപ്പിക്കുന്നതു്. അതിനാൽ പുരുഷഹൃദയം വിശാലമായിരിക്കുന്നിടത്തു് സ്ത്രീ, പുരുഷന്റെ കായബലത്തിനടിപെട്ടു ജീവിച്ചാലും അവളുടെ ആയുധങ്ങൾ കൊണ്ടു് സ്വനിലയെ പാലിച്ചു് സ്വവർഗ്ഗത്തിന്റെ അഭിമാനത്തെ രക്ഷിയ്ക്കാൻ അവൾക്കു കഴിയുമെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു.

എന്നാൽ മൂഗതുല്യരായ അനവധി വർഗ്ഗങ്ങളിലും സ്ത്രീകൾ നിലനില്ക്കുന്നതെങ്ങനെയെന്നുള്ള സംശയം യുക്തിയുക്തമാണ്. വ്യക്തിപ്രയത്നത്തിൽ രണ്ടു വർഗ്ഗങ്ങളുടെയും അവശ്യസഹകാരണത്തെ പ്രേരിപ്പിക്കുന്നതായി അവയ്ക്കു തമ്മിൽ സ്ഥിതിചെയ്യുന്ന ഒരു പ്രകൃതിശക്തിയാണ് ഇവിടെ സ്ത്രീയുടെ രക്ഷാമാർഗ്ഗം. ഒരു പ്രത്യേകകാലത്തു തത്ത്വിക്കുന്നതും അസ്ഥിരവും ആയ ഈ ബന്ധം വ്യക്തിപ്രയത്നത്തിയിൽ ഒരു വർഗ്ഗത്തിന്റെ പ്രാപ്തി ക്ഷയിക്കുന്നതോടുകൂടി മിക്കവാറും ശിഥിലമായിത്തീരുന്നു. ഈ ശക്തി മണ്ണുകയോ നിത്യമായി ക്ഷയിക്കയോ ചെയ്യുമ്പോൾ അപരിഷ്കൃതരുടെ വർത്തനം തിരെ നിഷ്കരുണവുമാകും. "ആസ്ത്രേലിയായിലെ നാട്ടുകാരിൽ ഒരു വങ്കുപ്പിലെ സ്ത്രീകൾക്കു് പ്രായേണ ഭർത്താവിൽ നിന്നേ മരണം സംഭവിക്കാവുള്ളൂ. ഹൃദ്യമായ ഒരു ഭക്ഷ്യവസ്തുവിന്റെ നഷ്ടത്തെ ഭയന്നു് സ്ത്രീകൾ വൃദ്ധകളായി ക്ഷീണിക്കുന്നതിനു മുൻപു് അവരെ കൊന്നു വിരുന്നനുഭവിക്കയാണു് പതിവു്. പുരുഷൻ അയാ

ടെ ഭാര്യയേയും നായ്നെയും അവ ടേയും അതിന്റെയും ജീവിതകാല ത്തു് തുല്യനിലയിൽ തന്നെ കരുത്ത ന്നില്ലേ എന്നും, രണ്ടും ചത്തു തനി ക്കു ഭക്ഷ്യമായതിൽ പിന്നെ ഒന്നിനെ മറേറതിനേക്കാൾ കൂടുതൽ തവണ യോ അധികം വാത്സല്യത്തോടുകൂടി യോ ഓമ്മിക്കുന്നുണ്ടോ എന്നും സംശ യിക്കത്തക്കവണ്ണം അത്ര തുച്ഛമായി മാത്രമേ സ്ത്രീ അവളുടെ ജീവിതകാല ത്തു് പുരുഷന്റെ ശ്രദ്ധയ്ക്കു് വിഷയ മാകുന്നുള്ളുവെന്നു തീർച്ചയായിപ്പറ യാം." (Letourneau). അവർ എ ന്തുകൊണ്ടു് നായ്ക്കളെ സ്ത്രീകളോടൊ പ്പം കൊല്ലുന്നില്ലാ എന്നുള്ള ചോദ്യ ത്തിനു് "യൗവനകാലാനന്തരം സ്ത്രീ നിരുപയുക്തയും മറവുള്ളവക്കു് ഒരു ഭാരവും ആകുന്നതുകൊണ്ടു്, അവളെ ഭക്ഷിക്കയും കാട്ടുമൃഗങ്ങളെ നായാടാ നെങ്കിലും നായ്ക്കൾക്കു് കഴിയുന്നതു കൊണ്ടു് അവയെ സംരക്ഷിക്കയും ചെയ്യേണ്ടതാണെന്നാണു് ഫ്യൂജിയ ൻ ദ്വീപിലെ ചില വർഗ്ഗക്കാർക്കുള്ള സമാധാനം. (Mgr. Vaughn)

സ്ത്രീയുടെ സംരക്ഷണത്തെ സഹാ യിക്കുന്നതായി അവൾക്കു രണ്ടു ബാ ഹ്യായുധങ്ങളും രണ്ടു വർഗ്ഗങ്ങളെയും ബന്ധിക്കുന്ന ഒരു പ്രകൃതിശക്തിയും ഉണ്ടെന്നു പറയുമ്പോൾ അവസാന ത്തതിന്റെ വിഷയം സാവ്വഭൗമമെ ങ്കിലും അസ്ഥിരവും മറേറായുധങ്ങളുടേ തു് സ്ഥിരമെങ്കിലും അപൂർവ്വവും ആ ണെന്നുകൂടി ഓർമ്മിക്കേണ്ടതുണ്ടു്. പ്ര കൃതിശക്തിയുടെ പുരുഷനിൽ മ നഃപ്പരിഷ്ക്കാരം കൂടിയുണ്ടാകുമ്പോൾ അവന്റെ വർത്തനം "സമഭാവന" ത്തിൽ എത്തുന്നു. പ്രകൃതിശക്തിയു ടെ പ്രവൃത്തി പലരീതിയും വ്യത്യാസമാ യിരിക്കാനേ തരമുള്ളു. മനസ്സംസ്ക്കാരം അപൂർണ്ണമെങ്കിൽ 'സമഭാവ നം' മൃത്യു കൂടെക്കാലത്തേയ്ക്കു "ആ രാധന" മാവാനും ഇടയുണ്ടു്. എന്നാ ൽ ഇതൊന്നും സ്ത്രീയുടെ ശാശ്വതമാ യ ഉന്നതിക്കാധാരമായിരുന്നില്ല; പു രുഷനിൽ പരിപൂർണ്ണമായ ചിത്തസം സ്കൃതിതന്നെയാണു് അതിനു സ്ഥി രമായ മൂലം.

സമുദായനിഷ്ഠയും സ്ത്രീകളുടെ നി ലയെ ബാധിച്ചുവെന്നു വരാം. മലി നീവിവാഹവും വിധവാവിവാഹവും നിഷിദ്ധമെന്നു വിധിച്ചിരിക്കുന്ന സമുദായങ്ങളിലെ സ്ത്രീകൾ വിദ്യാഭ്യാ സകാലത്തിനു മുൻപുതന്നെ ഭാര്യമാ രോ വിധവകളോ ആയ്ത്തീരുന്ന തുകൊണ്ടു്, സാമുദായികമായ അവ രുടെ ഉന്നതിയെപ്പറ്റി വിചാരിക്ക യേ വേണ്ടാ. (സിസ്റ്റർ ശ്രുഭലക്ഷ്മിയു ടെ സ്തുത്യർഹമായ ശ്രമം ദക്ഷിണഇ ൻഡ്യയിലെ സ്വതന്ത്രചിന്തരായ ചില ആളുകൾക്കു് ഒരനുഗ്രഹമാണെ ന്നുള്ളതു് ഇവിടെ വിസ്മരിച്ചിട്ടില്ല.) ചില സമുദായങ്ങളിൽ സ്ത്രീകൾക്കു് ലോകസംപർക്കം അസാദ്ധ്യവുമാണു്. നേരേമറിച്ചു്, മരുമക്കത്തായക്കുടുംബ ങ്ങളിലെ ദായക്രമം നിമിത്തം സ്ത്രീക്കു ശ്രേഷ്ഠതയാണു് സിദ്ധിക്കുന്നതു്"

'മതം' സ്ത്രീകളുടെ ഔന്നത്യത്തെ സഹായിക്കുമെന്നൊരഭിപ്രായക്കാരു ണ്ടു്. പരിഷ്കൃതരെന്നു നേരത്തേ പേരുകേട്ടിട്ടുള്ള ചൈനാക്കാരിൽ ബാലികാസന്താനം മാത്രമുള്ള ഒരാൾ അയാൾക്കു് സന്താനമുള്ളതായിട്ടേ ക രുതുന്നില്ലെന്നും, ആ കുഞ്ഞുങ്ങളിൽ ചിലർ മരിച്ചാൽ തന്നെയും അധിക മുള്ള നായ്ക്കുട്ടികളെ കൊന്നുകളയുന്ന തിൽ കൂടുതലായി അവക്കൊന്നും തോ ന്നുകയില്ലെന്നുമാണു് മതതത്വങ്ങളു ടെ അപൂർണ്ണത നിമിത്തം സ്ത്രീസമുദാ യത്തിനുണ്ടാകുന്ന ദോഷങ്ങളെ സ്ഥാ പിക്കാൻ കൊണ്ടുവരുന്ന തെളിവു്. എന്നാൽ മനുഷ്യവികാസമില്ലാത്തിട ത്തു് മതതത്വങ്ങളുടെ പ്രവൃത്തിയും സാമാന്യം തുച്ഛമാണെന്നാണു് സാ ധാരണ അനുഭവം. (ദൃഷ്ടാന്തം വർഗ്ഗീ യമായിപ്പോകുന്നതുകൊണ്ടു് പ്രസ്താ വ്യമല്ല.)

(തുടരും.)

മാപ്പിള.

(റവ. കെ. ജോസഫ്, ബി. ഏ. എൽ. റവ)

നസ്രാണികൾക്കു് മാപ്പിള എന്നുള്ള സ്ഥാനപ്പേരു പണ്ടേ ഉള്ളതാണെന്നാണു് അവരുടെ വിശ്വാസം. ഈ ലേഖകന്റെ അറിവിൽ ഈ പദം ആദ്യമായി ഉപയോഗിച്ചു കാണുന്നതു് അരുവിത്തുറപള്ളിയിലുള്ള ഒരു ശിലാലിഖിതത്തിലാണു്. "750 മത മിനമാതം 11 നു- ഈരാറ്റിടെ കൂടല്ലാടത്തു ചെറിയതുമാപ്പിള നല്ല വഴി ചേന്നു" എന്നു് അവിടെ ഒരു കരിങ്കല്ലിന്മേൽ കൊത്തിയിട്ടുണ്ടു്.

ആദ്യമായി ഒരു ഗ്രന്ഥത്തിൽ ഈ സ്ഥാനപ്പേരു കാണുന്നതു് ക്രി. വ. 1599-ൽ എഴുതപ്പെട്ട "ഉദിയമ്പേരൂർ സൂനാദോസിന്റെ കാനോനാ"കളിലാണു്. ഒരു കാനോനായിൽ ഇങ്ങനെ കാണുന്നു. "ചെലെടത്തെ നസ്രാണി മാപ്പിളമാരുടെ കൊളം എംകിലും കെണറ എംകിലും കംമ്മാളര തൊട്ടു എംകിൽ മലയാളര (=ശൂദ്രർ) ചെയ്യുന്ന ക്രിയകൾ ചൈത അത പുണ്യം ആകുമാറ ആകുന്നു." അവിടം മുതൽ ഈ നാട്ടിലെ അനേകം ഗ്രന്ഥങ്ങളിലും ലിഖിതങ്ങളിലും പരദേശത്തെ പല പുസ്തകങ്ങളിലും നസ്രാണികളെപ്പറ്റി ഈ പദം പ്രയോഗിച്ചിട്ടുണ്ടു്.

മലബാറിലേ ജോനകരെപ്പറ്റി മാപ്പിള ശബ്ദം ഉപയോഗിച്ചുകാണുന്നതു് ആദ്യമായി പോർട്ടുഗീസുകാരനായ ദുവാർത്തെ ബാർബോസാ (Duarte Barbosa)യുടെ യാത്രാവിവരണത്തിലാണെന്നു തോന്നുന്നു. 1516-ൽ എഴുതിത്തീർന്ന അയാളുടെ യാത്രാപുസ്തകത്തിൽ ഇങ്ങനെ ഒരു ഭാഗമുണ്ടു്.

ഈ മലബാർ രാജ്യത്തെല്ലാം ഒട്ടുവളരെ മൂർജാതിക്കാരുണ്ടു്. അവരുടെ നിറവും ഭാഷയും അവിടത്തെ കാരുടേതു തന്നെ..... ഈ മൂർ ജാതിക്കാരെ അവർ മാപ്പിളേരെന്നു വിളിക്കുന്നു.

ഇന്നു മാപ്പിള എന്ന പദം ജ്ഞാതന്മാരെപ്പറ്റിയും ഉപയോഗിക്കുന്നുണ്ടല്ലൊ. എന്നു മുതലാണു് അതു് ഇങ്ങനെ പ്രയോഗിച്ചുതുടങ്ങിയതെന്നു് നിശ്ചയമില്ല. ജ്ഞാതജോനകനസ്രാണികളിൽ ഏതു വഴിത്തിനാണു് ഈ സ്ഥാനം ആദ്യം കിട്ടിയതെന്നും നിശ്ചയിക്കാൻ വഴി കാണുന്നില്ല.

മാപ്പിള ശബ്ദത്തിന്റെ ചരിത്രവും പ്രയോഗവും ഇങ്ങനെ ആണു്. ഇനി അതിന്റെ അർത്ഥം എന്തെന്നു നോക്കാം. പല സായിപ്പന്മാരും പല അർത്ഥങ്ങൾ പറഞ്ഞിട്ടുണ്ടു്. മാപ്പിള "അമ്മയുടെ മകൻ" ആണെന്നും വിത്സനും, (H. H. Wilson), Falaha (കൃഷിക്കാരൻ) എന്ന അറബി വാക്കിൽ നിന്നുണ്ടായതാണെന്നു് Dr. Badger-ഉം Mu'abbar എന്ന അറബി വാക്കു ഭാവം മാറിയതാണെന്നു C. P. Brown-ഉം പറയുന്നു. മാപ്പിള മഹാചില്ല ആണെന്നാണു് ഡോക്ടർ ഗുണ്ടർട്ടിന്റെ അഭിപ്രായം. ഇതിനൊക്കെയും പുറമേ നാഗലശ്ശേരി (കൂടല്ലൂർ) മനയ്ക്കൽ നമ്പൂരിപ്പാടിന്റെ നിരുക്തിയും കിടക്കുന്നു. കൊല്ലം 993-ൽ (1817-'18) ആ നമ്പൂരിപ്പാടു് ഒരു റിക്കാർട്ടിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. മഹമ്മദന്മാക്കു മലയാളത്തിൽ "മാപ്പിളമാർ" എന്നു പറയുന്നതിന്നു് മഹാപെലയന്മാർ എന്നർത്ഥമാകുന്നു."

ഇവക്കൊക്കെയും മുമ്പു് (Gouvea) ഗോവയാ എന്ന പോർട്ടുഗീസുചരിത്രകാരൻ തന്റെ (1606-ൽ അച്ചടിച്ച) Jornada do Arcebispo de Goa, D. Frey Aleixo de Menezes എന്ന പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിട്ടുണ്ടു്:— "ഈ പദവികൾ മൂലം മലയാളത്തെ ക്രിസ്ത്യാനികൾ പ്രബലന്മാരും മഹിമയുള്ളവരും ആയിരിക്കയും തന്നിമിത്തം പാണ്ടിക്കപ്പുറമുള്ള ചേരരാജാക്കാർ ഇവ

രെ രാജപുത്രന്മാർ എന്നു വിളിച്ചു വരികയും ചെയ്തിരുന്നു.'' (ഈ തർജ്ജമ കോട്ടയം മാസികാ മാനേജർ മിസ്റ്റർ പി. യു. ലൂക്കാസ് സദയം അയച്ചുതന്നതാണ്.) ഇവിടെ രാജപുത്രന്മാർ എന്നു പറഞ്ഞിരിക്കുന്നതു മാപ്പിള എന്ന സ്ഥാനപേരിനെ ഉദ്ദേശിച്ചാണെന്നു തോന്നുന്നു.

മാപ്പിള എന്നതിനു് രാജപുത്രൻ എന്നർത്ഥം വരുത്താം. മഹാൻ, മഹാ എന്ന സംസ്കൃതവാക്കുകൾ തമിഴിലും മലയാണ്മയിലും മാൻ, മാ എന്നിങ്ങനെ ആയിട്ടുണ്ട്. ചേരമാൻ, എമ്മാൻ, പെരുമാൻ, ''മാനം മനുഷ്യനും ഇല്ലാത്ത കാടു്'' — മുതലായവയിൽ മാൻ എന്നതിനു നാഥൻ, രാജാവു്, എന്ന അർത്ഥം കാണുന്നുമുണ്ടു്. അതുകൊണ്ടു് മാ എന്നതിനു് സമാസത്തിൽ ആ അർത്ഥം വരാം. ഗോവയുടെ കാലത്തു് ഇങ്ങനെ ഒരർത്ഥം ഉണ്ടായിരുന്നിരിക്കാം. ഇവിടെ രാജപുത്രന്മാർ എന്നതിനു് രാജാവിൽ നിന്നു ജനിച്ചവർ എന്ന അർത്ഥം കല്പിക്കേണ്ട ആവശ്യമില്ല, രാജാവിന്റെ ആളുകൾ എന്നേ ഗോവയാ ഉദ്ദേശിച്ചിട്ടുള്ളു എന്നു തോന്നുന്നു.

പ്രാചീന ഗ്രീക്കുകാരുടെ മാഹാത്മ്യം.

(എം. ആർ. വേലുപ്പിള്ള ശാസ്ത്രി.)

ഇദാനീന്തനകാലങ്ങളിൽ ഐശ്വര്യാഭിവൃദ്ധിയിലും പരിഷ്കാരത്തിലും മുന്നിട്ടു നില്ക്കുന്ന പാശ്ചാത്യരുടെ ക്രമപ്രവൃദ്ധമായ മഹത്വം മുഴുവൻ ആശ്രയിച്ചിരിക്കുന്നതു പ്രാചീനഗ്രീക്കുകാരെയാണെന്നുള്ളതിൽ സംശയലേശംപോലും ഇല്ല. സ്വയംഭരണത്തിനായി ദിവാനിശം മുറവിളികൂട്ടുന്ന ഭാരതീയരും, ഇവരുടെ ഭരണാധികാരികളായി ഇംഗ്ലണ്ടിൽ നിവസിക്കുന്ന വിശ്രുത ചരിത്രന്മാരും എന്നു വേണ്ട ജനപ്രതിനിധി രാജ്യഭാരത്തിനു കൊതിക്കുന്ന ഏവരും സ്വാതന്ത്ര്യത്തിന്റെ അവതാരമൂർത്തികളായ ഗ്രീക്കുകാരെ അത്രെ അനുകരിക്കുന്നതു്. സോളൻ, പെറിക്ലിസ്സ് എന്നു തുടങ്ങിയ രാജ്യതന്ത്രജ്ഞന്മാരുടേയും, ഹോമർ.....ആദിയായ കവിവരന്മാരുടേയും, പസാനിയസ്സ്, ബ്രാസിഡാസ് മുതലായ സേനാനായകന്മാരുടേയും, ഡിമാസ്തനിസ്സ്, സള്ളി തുടങ്ങിയ വിശ്രുത വാഗ്മികളുടേയും, സാക്രട്ടീസ്സ്, അരിസ്റ്റോട്ടൽ എന്നു തൊട്ട തത്വജ്ഞശിരോമണികളുടേയും പ്രശസ്തനാമങ്ങളാൽ അലംകൃതമായ ഗ്രീക്കുകാരുടെ ചരിത്രവൈചിത്ര്യം ആരെയാണു ആകഷ്ടിക്കാത്തതു?

ഗ്രീക്കുകാർ അതിശയകരമായവിധം മാനസികശക്തിയുള്ള വിശിഷ്ടപുരുഷന്മാരായിരുന്നു. വിവിധവിഷയങ്ങളായ വാസനകൾ പ്രബലപ്പെടാൻ പര്യാപ്തമായ പരിതഃസ്ഥിതികൾ അവരെ അനുഗ്രഹിച്ചിരുന്നു. ഏതൊരു രാജ്യക്കാരുടേയും അഭിവൃദ്ധി, ബുദ്ധിശക്തി, ചുറുചുറുപ്പു് ഉള്ള സംഗതികൾ ഇവയെയാണല്ലൊ ആശ്രയിച്ചിരിക്കുന്നതു്. ഇതു അനുസരിച്ചു തത്വശാസ്ത്രങ്ങളിലും, സാഹിത്യത്തിലും അദ്ഭുതപൂർവ്വമായവിധം വിജ്ഞാനം സമ്പാദിക്കുന്നതിനു പ്രസ്തുത രാജ്യക്കാക്കു സാധിച്ചതിലത്രെ അവർ ഇന്നും ജനസാമാന്യത്തിന്റെ പ്രശംസക്കു് അർഹന്മാരാകുന്നതു്.

ഗ്രീക്കുകാർ ആര്യന്മാരുടെ ഒരുവകഭേദം തന്നെയായിരുന്നു എന്നതിനു പല ലക്ഷ്യങ്ങളും ഉണ്ടു്. മതസംബന്ധമായും സാഹിത്യവിഷയകമായും പ്രാചീനഭാരതീയരായ ആര്യന്മാരോടു ഗ്രീക്കുകാരെ ശരിയായി താരതമ്യപ്പെടുത്താവുന്നതത്രെ. ബുദ്ധിശക്തിയിലും സ്ഥിരോത്സാഹത്തിലും ഗ്രീക്കുകാർ അന്നു അഗ്രഗണ്യന്മാരായിരുന്നു. അവർ ഇൻഡ്യയെപ്പോ

ലെ ഉപദ്വീപായ ഒരു രാജ്യത്തിലാണ് നിവസിച്ചിരുന്നത്. എന്നാൽ ഭാരതീയരേക്കാൾ പലേവിധത്തിൽ ഉൽക്കർഷം കൂടുതലായി പ്രാപിക്കുന്നതിനു അവർക്കു കഴിഞ്ഞിരുന്നു. കുപ്പലോട്ടം, കച്ചവടം, കൃഷി, കൈത്തൊഴിൽ മുതലായവയിൽ പ്രാചീനഗ്രീക്കുകാർ വെട്ടിത്തെളിച്ച പന്ഥാക്കളിൽക്കൂടെയാണ് ആധുനികലോകം സഞ്ചരിക്കുന്നതു് എന്നു നിസ്സംശയം പറയാം.

ഗ്രീക്കുകാരിൽ സർവ്വത്ര പ്രശോഭിച്ച കാണുന്നതു സ്വാതന്ത്ര്യമാണ്. സ്വാതന്ത്ര്യം എന്ന വാക്കിനെ അക്ഷരംപ്രതി അനുഷ്ഠിച്ചുപോന്നിരുന്ന ഒരു രാജ്യക്കാർ അവരായിരുന്നു. പരന്മാരുടെ മഹത്വം കണ്ടുപിടിച്ച സാതിശയം ബഹുമാനിക്കാനുള്ള ഒരു സാമർത്ഥ്യം അവർക്കുണ്ടായിരുന്നുവെങ്കിലും ഒരുത്തർക്കും ഒരു കാരണവശാലും കീഴ്പെട്ടുകൊടുക്കയില്ലെന്നുള്ള കർശനവ്രതം അവരാണു നടത്തിവന്നിരുന്നതു്. തന്നിമിത്തം വിസ്തൃതമായ ഗ്രീസ്, ഏഷ്യാമൈനർ എന്നീ രാജ്യങ്ങളിൽ നിവസിച്ചു പോന്നിരുന്ന ഈ വീരപുരുഷന്മാർക്കു ശരിയായ ഒരു സാമ്രാജ്യസ്ഥാപനത്തിൽ തെല്ലും പ്രതിപത്തി ഇല്ലായിരുന്നു.

ഗ്രീക്കുകാരുടെ സ്വാതന്ത്ര്യം അതിരു കവിഞ്ഞതായിരുന്നുവെന്നു പറഞ്ഞുവല്ലോ. ആ സ്വാതന്ത്ര്യത്തെ പരിപാലിച്ചുകൊണ്ടു പോകുന്നതിനുള്ള ശക്തിയും അവർക്കുണ്ടായിരുന്നു. ഗ്രീസ് രാജ്യത്തിൽ തന്നെയുള്ള ആതൻസ്, സ്പാർട്ടാ എന്നീ നഗരികളുടെ പ്രാഭവകാലത്തും പേർഷ്യാ എന്ന മഹാരാജ്യത്തിന്റെ ആക്രമണകാലത്തും, സകല സ്വാതന്ത്ര്യധ്വംസകന്മാരെയും ഗ്രീസിലെ ജനങ്ങൾ നിശ്ശേഷം തോല്പിക്കയാണ് ഉണ്ടായിട്ടുള്ളതു്. ഗ്രീക്കുകാരുടെ രാജ്യഭരണസമ്പ്രദായം ഉല്പതിഷ്ണുസംഘത്തിൽ ചേർന്ന ഏവരുടേയും ശ്രദ്ധയെ ആകർഷികതന്നെ ചെയ്യും. 'ഏകച്ഛത്രാധിപത്യ'ത്തോടുകൂടി എന്തും പ്രവർത്തിക്കാൻ ഗ്രീസിലെ ഒരു അധിപതിക്കും സാധിച്ചിട്ടില്ല തന്നെ. ഭരണയന്ത്രം തിരിക്കുന്നതിൽ രാജ്യത്തിലുള്ള സകല ജനങ്ങൾക്കും സമാനസ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നു അവർ നിശ്ചയിച്ചിരുന്നു. ജനാഭിപ്രായത്തിനു വിരുദ്ധമായി വല്ല പ്രാചീനരാജാക്കന്മാരോ നവീനാധിപതികളോ പ്രവർത്തിച്ചാൽ ഉടൻ അവരുടെ ആ അധികാരപ്രമത്തതയെ ഒരു മൺകലത്തെപോലെ തട്ടിത്തകർത്തുകളവാൻ എത്തുന്ന ജനങ്ങളുടെ സംഖ്യ വളരെ വലുതായിരുന്നു. തന്നിമിത്തം ഭരണനേതാക്കൾക്കും ഭരണീയന്മാക്കും തമ്മിൽ അന്നു സാരമായ സംബന്ധമുണ്ടായിരുന്നു. മതവിഷയകമായ അവരുടെ അഭിവൃദ്ധിയെപ്പറ്റി പറയുകയാണെങ്കിൽ അതിലും അവർ അദ്വിതീയന്മാരായിരുന്നു. പുരോഹിതന്മാരുടെ പ്രവൃത്തികളെ അവർ യഥേഷ്ടം വിമർശിച്ചിരുന്നു. അനേകദേവതകളെ അഭിരുചി അനുസരിച്ചു അവർ ആരാധിച്ചുവന്നിരുന്നു. വാർഷികോത്സവങ്ങൾ, 'ബലി'കൾ, വിശിഷ്ടപൂജകൾ മുതലായവ നടത്തുന്നതിൽ ഗ്രീക്കുകാക്കു പ്രത്യേകം ജാഗ്രതയുണ്ടായിരുന്നുവെന്നതു ഒരിക്കലും വിസ്മരിക്കാൻ പാടില്ല.

അതിവിശിഷ്ടങ്ങളായ സാഹിത്യഗ്രന്ഥങ്ങൾ ഗ്രീക്കുഭാഷയിൽ എഴുതപ്പെട്ടിട്ടുണ്ടു്. ജ്യോതിഃശാസ്ത്രവിശാരദന്മാർ, തത്വവാദികൾ, സാഹിത്യകാരന്മാർ, സുകുമാരകലാപടുക്കൾ മുതലായി അനേകം മഹാന്മാർ ഗ്രീസുരാജ്യത്തെ അധിവസിച്ചിരുന്നു. നാടകകർത്താക്കൾ, ചരിത്രകാരന്മാർ, വാഗ്മികൾ മുതലായ പണ്ഡിതവര്യന്മാർ അന്നു് ആ ഭൂപ്രദേശത്തിൽ നിവസിച്ചിരുന്നില്ലെങ്കിൽ ഇന്നത്തെ പാശ്ചാത്യരുടെ കഥ എന്തായിരിക്കും?

ശരീരബലം സമ്പാദിക്കുന്നതിൽ ജാഗരൂകന്മാരായിരുന്നതു ഗ്രീസിലെ ദക്ഷിണഭാഗമായ സ്പാർട്ടയിൽ ഉണ്ടായിരുന്നവരത്രേ. മുപ്പതുവയസ്സു പ്രായമാകുന്നതുവരെ ഒരു പ്രജയ്ക്കു ഓരോതരത്തിൽ കായികാഭ്യാസത്തിൽ ഏർപ്പെടേണ്ടിയിരുന്നു. ദേഹബലത്തോടും കൂടി എന്തും ചെയ്യുന്നതിനു

സന്നദ്ധരായ സ്ത്രീപുരുഷന്മാരുടെ സഹായത്തോടെ ഏതൊരു രാജ്യത്തെയാണ് അഭിവൃദ്ധിപ്പെടുത്താത്തത്?

ആശൻസ് എന്ന ദേശവിഭാഗത്തിൽ ചേർന്ന ജനങ്ങൾ ബുദ്ധിശക്തിയിൽ മുന്നിട്ടു നിന്നിരുന്നു. വിചാരശീലന്മാരായ ഇവരിൽ പലരും സ്വാർത്ഥത്യാഗത്തോടെ ജീവിച്ചിട്ടുണ്ട്. സ്വരാജ്യാഭ്യുദയത്തിനായി ശ്രമിക്കാത്ത ഒരുവന്റെ 'വിഭ്രമം' കൊണ്ട് എന്താണു ഫലം!

അത്യധികമായ ബുദ്ധിശക്തിയും, അതിനുകിടയുന്ന സ്വാതന്ത്ര്യവും ഗ്രീക്കുകാക്ക് ജന്മാവകാശമായി ലഭിച്ച സ്വത്തുക്കൾ തന്നെയായിരുന്നുവെങ്കിലും തന്മൂലം അവക്ക് ചില ന്യൂനതകളും പറ്റിപ്പോയി എന്നു പറയാതിരിപ്പാൻ തരമില്ല. മനോരോഗി തന്നെ അവക്ക് ചൊല്ലുവെ ഒരു 'ഗവൺമെൻറ്' ഇല്ലായിരുന്നു. പരാഭൂതയാസഹിഷ്ണുതയാലോ, സ്വസ്വാതന്ത്ര്യലോപഭയത്താലോ അവർ എപ്പോഴും തമ്മിൽ കലഹിച്ചുകൊണ്ടിരുന്നു. അന്യജനങ്ങളുടെ ആഭിമുഖ്യത്തിൽ അവക്കു സഹതാപം ലവലേശംപോലുമില്ലായിരുന്നു.

ഇങ്ങിനെ അപൂർവ്വം ചില ന്യൂനതകൾ ഉണ്ടായിരുന്നാലും പ്രാചീനഗ്രീക്കുകാർ അതിമാഹാത്മ്യമുള്ള വീരന്മാരായിരുന്നു. ക്രിസ്തുവർഷാരംഭത്തിനു രണ്ടായിരം സംവത്സരം മുമ്പ് തുടങ്ങിയ ഗ്രീക്കുകാരുടെ മഹത്പദം ഉദ്ദേശ്യം ആയിരത്തി എണ്ണൂറുവർഷക്കാലം നിലനിന്നു. അലക്സാണ്ടർ ചക്രവർത്തിയുടെ ദിഗ്വിജയം കഴിഞ്ഞതോടുകൂടി ഗ്രീക്കുകാരുടെ മാഹാത്മ്യവും ഏകദേശം അവസാനിച്ചു എങ്കിലും അവരുടെ ചരിത്രം സർവ്വഥാ നാം മനസ്സിലാക്കേണ്ടതു തന്നെയാണ്.

വിശുദ്ധ ജോൺ ഓഫ് ആക്ക്.

I.

(ജോസഫ് പുലഞ്ഞിമറ്റത്ത്, ഉപ്പുണ്ണിത്തുറ.)

കഴിഞ്ഞ ജൂൺ മാസത്തിൽ റോമയിലെ വിശുദ്ധ പത്രോസിന്റെ ദൈവാലയം സാധാരണയല്ലാത്തവിധം ജനതതിയാൽ നിബദ്ധിതമായിരുന്നു. ദൈവാലയവും അതിന്റെ പരിസരപ്രദേശങ്ങളും വളരെ മനോമോഹനമായും ഹൃദയംഗമമായും അലങ്കരിക്കപ്പെട്ടിരുന്നു. അപ്പോളിതാ, അനേകം വന്യ കർഷകരാൽ, മാരാൽ ആവൃതനായി കത്തോലിക്കാസാമ്രാജ്യത്തിലെ ആത്മിക ചക്രവർത്തിയായ ബനദിക്ത് പതിനഞ്ചാമൻ ഭൂലോകമൊട്ടുക്കുള്ള ജനസഞ്ചയത്തിന്റെ അനഘ്ഘളമായ ആശിസ്സുകളേറ്റുപോരുന്ന മാന്യമഹിളാരത്നമായ ജോൺ ഓഫ് ആക്ക് എന്ന സച്ചരിതയെ വിശുദ്ധയെന്ന നാമകരണം ചെയ്യുന്നതിനായി മന്ദം, മന്ദം ദേവാലയത്തിലേക്കാനയിക്കപ്പെടുന്നു. ഈ പരിപാവനകർമ്മത്തിൽ പങ്കു കൊള്ളുന്നതിനു കത്തോലിക്കാലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ജനാവലി കൂട്ടംകൂട്ടമായി വന്നു കൊണ്ടിരുന്നു. ഈ അവസരത്തിൽ ജോൺ ഓഫ് ആക്കിനെ കൂടാതെ മറ്റു ചില സിദ്ധന്മാരെക്കൂടി വിശുദ്ധന്മാരെന്ന പേരു വിളിക്കയുണ്ടായി.

നാം ജോൺ ഓഫ് ആക്കിന്റെ പവിത്രമായ ചരിത്രവിവരണത്തിലേക്കു കടക്കുന്നതിനു മുമ്പ്, ആ മഹതിയുടെ മാതൃഭൂമിയായ ഫ്രാൻസിനെപ്പറ്റി അല്പം ചിന്തിക്കേണ്ടിയിരിക്കുന്നു. പക്ഷെ, ഈ നിരൂപണം നമുടെ കഥാനായികയുടെ യോഗ്യതയ്ക്ക് ഒരു മാറ്റു കൂടി കൂട്ടുന്നതിനു പര്യാപ്തമായേക്കാം.

അനേക ശതാബ്ദങ്ങളോളം സർവ്വശക്തിയോടുകൂടെ ആകാശമണ്ഡലത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ഫ്രഞ്ചുകാരുടെ സ്വാതന്ത്ര്യക്കൊടി, ആംഗ്ലേയരുടെ ശക്തിയേറിയ പീരങ്കിയുണ്ടകൾ കൊണ്ടു മുറിഞ്ഞു വീഴാ

റായി. സ്വാതന്ത്ര്യാക്കിന്റെ അസ്സമയം വിട്ടൊഴിയാതിരുന്നതിനാൽ, യഥാർത്ഥപ്രദേശസ്നേഹികളുടെ അനുരാഗത്തിൽ വ്യസനാന്ധകാരം വ്യാപിച്ചുതുടങ്ങിയതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. ഒരു രാജ്യത്തിനുണ്ടാവാനിടയുള്ള അപത്തുകളിൽ ഏറ്റവും ഉഗ്രമായത് അവിടെ രണ്ടു—രാജാവിന്റെ ഭാഗക്കാരായും, രാജാവിന്റെ വിരോധികളായും—കക്ഷികളായി നാട്ടുകാർ തിരിയുകയാണല്ലൊ. എന്നാൽ, ഫ്രാൻസിൽ, ഈ വിഭിന്നത അതിന്റെ മൂർദ്ധന്യത്തെ പ്രാപിച്ചിരുന്നു. ന്യായമായ രാജ്യാവകാശി അതീതനായ രാജാവിന്റെ സീമന്തപുത്രനായ ചാൎത്സ് യുവരാജാവായിരുന്നു. എങ്കിലും കാലവൈപരീത്യംകൊണ്ടു, പ്രബലന്മാരായ പ്രൊട്ടക്കന്മാർ ചാൎത്സ് യുവരാജാവിന്നു രാജ്യസംബന്ധമായി യാതൊരവകാശവുമില്ലെന്നുമുക്കടമുഷ്ടി പിടിച്ചു. അവർ തങ്ങളുടെ (പ്രൊട്ടക്കന്മാരുടെ) സ്വാർത്ഥോദ്ദേശ്യസാദ്ധ്യത്തിന്നായി ആംഗ്ലേയരുടെ സഹായസഹകരണങ്ങൾ ആവശ്യപ്പെട്ടതിൽ ആശ്ചൎയ്യപ്പെടുവാനുണ്ടോ? ബർഗണ്ടിയിലെ പ്രൊട്ടസ്റ്റന്റായിരുന്ന ഇവരുടെ മുന്നണിയിൽ നിന്നിരുന്നതു്.

"കാറുള്ളപ്പോൾ പാറണം" എന്നു വിചാരിച്ചുകൊണ്ടിരുന്ന ഇംഗ്ലീഷ്കാർ, ഈ ക്ഷണം വളരെ സന്തോഷത്തോടെ സ്വീകരിച്ചു; യുദ്ധത്തിനു വേണ്ടുന്ന സകലസന്നാഹങ്ങളും ഒരുക്കി. ഒടുവിൽ ഫ്രാൻസിൽ കടന്നു് ഓരോ രാജ്യങ്ങളെ അനായാസേന കൈവശപ്പെടുത്തി. വിജയം ആംഗ്ലേയസൈന്യത്തെ തുടരെ അനുഗമിച്ചുകൊണ്ടിരുന്നു. നേരേമറിച്ചു യുവരാജാവായ ചാൎത്സിന്റെയും കൂട്ടപക്ഷക്കാരുടെയും സേനകൾ ക്ഷയിക്കയാണുണ്ടായതു്. വാസ്തവത്തിൽ വിജയത്തിനു പകരം ഇവരെ പിടികൂടിക്കൊണ്ടിരുന്നതു രോഗവും ക്ഷാമവും മാത്രമായിരുന്നു. ഇതിന്നുംപുറമേ, ബ്രിട്ടീഷ്കാർ കൈവശപ്പെടുത്തിയ പട്ടണങ്ങൾ മുഴുവൻ കൊള്ളയിട്ടതിനാൽ തദ്ദേശവാസികളുടെ സ്ഥിതി വളരെ പരിതാപകരമായിത്തീൎന്നു. പല ആയോധനങ്ങളിലും പരാജിതന്മാരായി ഭവിച്ച ഫ്രഞ്ചു സൈന്യം രണാങ്കണം വിട്ടു് ഓരോ അഭയസ്ഥാനം തേടി, ഓടിത്തുടങ്ങി. ഇതുകാരണം ചാൎത്സ് യുവരാജാവു വീരനെ നിസ്സഹായനായിത്തീരുകയും ചെയ്തു. കുറഞ്ഞൊരു കാലംകൊണ്ടു് ഇംഗ്ലീഷ്കാർ 'ലോർ' (Loire) എന്ന പ്രസിദ്ധമായ നദിക്കു വടക്കുള്ള രാജ്യങ്ങൾ മിക്കതും കൈവശപ്പെടുത്തി. സർവകലാവിദ്യക്കളുടെയും കേന്ദ്രസ്ഥാനമായ പാരിസ് പട്ടണം മിക്കവാറും കൈക്കലാക്കി. ഇതിന്റെ ഫലമായി, ആംഗ്ലേയരാജാവു ഫ്രാൻസിന്റെയും രാജാവാണെന്നു നാടെങ്ങും വിളംബരപ്പെടുത്തുന്നതിന്നു് അധികസമയം വേണ്ടിവന്നില്ല. അവിടവിടെയായി, കീഴടങ്ങാതെ പിന്നെയും എതുത്തുകൊണ്ടിരുന്ന ഫ്രഞ്ചുപട്ടണവാസികളെ മുഴുവൻ പരാജിതരാക്കുന്നതിന്നു വേണ്ടി, വീരന്മാരായ ഇംഗ്ലീഷ്കാർ വീണ്ടും തയ്യാറായി.

എന്നാൽ ഇവിടെ എല്ലാംകൊണ്ടും അധികം പ്രബലപ്പെട്ടിരുന്നതു് 'ഓർളിയൻസ്' (Orleanes on the Loire) ആയിരുന്നു. ഇതു ലോർനദിയുടെ തീരത്തു സ്ഥിതിചെയ്തിരുന്നതുകൊണ്ടു വളരെ ഫലപുഷ്ടിയുള്ളതും, ബലമുള്ള കോട്ടകളാലും, കിടങ്ങുകൾകൊണ്ടും ചുറ്റപ്പെട്ടതും ആയിരുന്നു. കൂടാതെയും, പല പ്രധാന സ്ഥലങ്ങളിലേയ്ക്കുള്ള മാർഗ്ഗങ്ങളതിലെ ആയിരുന്നു; അതിനാൽ ആ സ്ഥലം തങ്ങളുടെ അധീനത്തിലായാൽ നദിക്കു തെക്കുവശമുള്ള മിക്ക സ്ഥലങ്ങളും തങ്ങൾക്കു കീഴടങ്ങുമെന്നുള്ള ആശയും അവൎക്കുണ്ടാകാതിരുന്നില്ല. ഓർളിയൻസുപട്ടണം വളയുന്നതിന്നു് അവരെ പ്രേരിപ്പിച്ചതു് ഈ വക വിചാരങ്ങളായിരുന്നു. എന്നാൽ ഈ വലിയ പട്ടണം മാത്രമേ ചാൎത്സ് യുവരാജാവിന്റെ അധീനത്തിലുണ്ടായിരുന്നുള്ളു. കോട്ടയ്ക്കുള്ളിൽ അകപ്പെട്ട പരന്ത്രീസ് സൈന്യം ഭക്ഷണദൎഭിക്ഷംകൊണ്ടു വല്ലാതെ കഷ്ടപ്പെട്ടു. ഈ നിരോധം തുടങ്ങിയതിന്നുശേ

ഷം 'റൈറെയി' എന്ന ദിക്കിൽവെച്ചു 4000 ഫ്രഞ്ചുസൈന്യത്തെ ഇംഗ്ലീഷുകാർ തോല്പിച്ചു. ഈ വ്യസനകരമായ വർത്തമാനവും, നിരവധി കായക്ലേശവും, രാജാവിന്റെ അലസതയും മറവും ഓർത്തു, ഫ്രഞ്ചുസൈന്യങ്ങൾ—വിശിഷ്യ, കോട്ടയ്ക്കകത്തുള്ളവർ—തീരെ ഭഗ്നാശയന്മാരായി; എങ്കിലും അവസാനത്തെ ശ്വാസംവരെ ഭഗീരഥപ്രയത്നം ചെയ്യുന്നതിനു സേനാധിപൻ തീർച്ചയാക്കി.

ഈ അവസരത്തിൽ രാജാവു ചീനൻ എന്ന സ്ഥലത്തായിരുന്നു. നിരാശനായ അദ്ദേഹം എന്തു ചെയ്യേണ്ടു എന്നറിയാതെ പരിഭ്രമിച്ചവശായി. കിരീടവും രാജ്യവും ഇംഗ്ലീഷുകാക്കു ഒഴിഞ്ഞുകൊടുത്താൽ എന്താണെന്നുകൂടി അദ്ദേഹം ആലോചിക്കാതിരുന്നില്ല. എന്നാൽ മാതാവിന്റെയും രാജ്ഞിയുടെയും നിർബന്ധമായ അപേക്ഷാമൂലം, അങ്ങനെ ചെയ്തില്ലെന്നേയുള്ളു. പ്രത്യുത്യാ രാജാവു വളരെ ധീരനായിരുന്നു. അതുകൊണ്ടെന്തു ഫലം? യുദ്ധം നടത്തുവാൻ പണമുണ്ടായിരുന്നില്ല. സൈന്യങ്ങൾ എല്ലാംതന്നെ നശിച്ചുപോയതുകൊണ്ടു് ഒരു പുതിയ സൈന്യത്തെ സുസജ്ജമാക്കുന്നതിനു് ആവശ്യം നേരിട്ടു. എന്നാൽ അതു് ഇംഗ്ലീഷുകാർ ഫ്രാൻസിൽ താമസിക്കുന്ന കാലത്തോളം സുസാധമായിരുന്നില്ല. ക്ലാതെയും നാട്ടിലുള്ള മിക്ക പ്രഭുക്കന്മാരും രാജാവിന്റെ വിരോധികളായിരുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടല്ലോ. ഈ സ്ഥിതിയിൽ ശത്രുക്കൾക്കു കീഴടങ്ങാതെ ഗത്യന്തരമുണ്ടോ? എങ്കിലും "അന്യഥാചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ" എന്നുണ്ടല്ലൊ. ഇതനുസരിച്ചു കത്തോലിക്കാസഭയുടെ 'സീമന്തപുത്രി'യെന്നും 'റോമായുടെ വലത്തുകണ്ണെ'ന്നും മറ്റുമുള്ള മനോജ്ഞനാമങ്ങളാൽ ഒരിക്കൽ അറിയപ്പെട്ടിരുന്ന ഫ്രാൻസ് രാജ്യം ഇംഗ്ലീഷുകാക്കു അധീനപ്പെടണമെന്നു സർവശക്തനായ ദൈവം നിയോഗിച്ചിട്ടുണ്ടായിരുന്നില്ല. ചരന്ത്രീസുരാജ്യത്തിന്റെ മോചനം, അക്കാലംവരെ അപ്രസിദ്ധയും; അഗതിയുമായ ഒരു ഗ്രാമീണകന്യകയുടെ കയ്യിലാണ് ഈശ്വരൻ സമർപ്പിച്ചിരുന്നതു്. ആ ദിവ്യബാലികാരത്നം വഴിയായി, ഫ്രാൻസ്രാജ്യത്തെ ശത്രുബാധയിൽനിന്നു രക്ഷിക്കുന്നതിനു് അദ്ദേഹം തീർച്ചയാക്കിയിരുന്നു. എന്നാൽ, ഈ വാസ്തവം ഏകസ്വബുദ്ധികളായ മനുഷ്യർക്കു മനസ്സിലാക്കുവാൻ കഴിയാഞ്ഞതിൽ ഒട്ടും തന്നെ അത്ഭുതമില്ല. ഏതെങ്കിലും, സ്വരാജ്യത്തിന്റെ മോക്ഷത്തിനായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഈ വിശുദ്ധ ആരായിരുന്നു എന്നും അവളുടെ ജീവചരിത്രം എങ്ങനെയുള്ളതായിരുന്നു എന്നും നമുക്കു കുറഞ്ഞൊന്നു നിരൂപിച്ചുനോക്കാം.

കൽദായപാത്രിയക്കീസിന്റെ ഒരപ്പീൽ.*

II

(ഫാദർ ജോസഫ് ചക്കുങ്കൽ പി. എച്ച്. ഡി. ഡി. ഡി.)

ചോട്ടഗീസുകാർ സുറിയാനിക്കാരോടു ചെയ്ത അപമാനത്തെപ്പറ്റി കൽദായപാത്രിയക്കീസന്മാർ അന്നു റോമാസിംഹാസനത്തിങ്കൽ സങ്കടം പറയാതിരുന്നിട്ടില്ല. 1617 ജൂലായിമാസം 29-ാം-നു അഞ്ചാം പൌലോസ് മാപ്പാപ്പാ ഏഴാമത്തെ ഏലിയാ പാത്രീയക്കീസിനു ഇങ്ങനെ എഴുതിയിരിക്കുന്നു:—

".....ഇതെല്ലാം നിങ്ങൾ സാധിക്കുമ്പോൾ വി. സിംഹാസനവുമായുള്ള നിങ്ങളുടെ ഐക്യവും ബന്ധവും

* ഇപ്പോഴത്തെ കൽദായ പാത്രിയർക്കീസായ മൊൻസിഞ്ഞോർ എമ്മാനുവേൽ തോമസ്കി കമനസ്സുകൊണ്ട് റോമാസിംഹാസനത്തിൽ സമർപ്പിച്ചിട്ടുള്ള അപ്പീലിന്റെ ഭാഷാന്തരം.

സ്ഥിരവും, ശാശ്വതവുമായിരിക്കുമെന്നു് നാം വിശ്വസിക്കുന്നു. അപ്പോൾ നിങ്ങളോടുള്ള സ്നേഹത്തിന്റെ സകല കടമകളും നാം സസന്തോഷം നിർവേറും. നിങ്ങൾ അത്യാശയോടെ പ്രതീക്ഷിക്കുന്ന നമ്മുടെ ദിവ്യ രക്ഷകന്റെ ശവകുടീരത്തിലെ ഒദെവാരാധന സ്ഥലം നിങ്ങൾക്കു ലഭിക്കും. നിങ്ങളുടെ ജനങ്ങൾ ഇൻഡ്യയിൽ അനുഭവിക്കുന്ന സങ്കടങ്ങൾക്കെല്ലാം ഒരുവസാനമുണ്ടാകും. എന്തുകൊണ്ടെന്നാൽ മിശിഹായിൽ നമ്മുടെ വാത്സല്യപുത്രനും സ്പെയിൻ രാജ്യാധിപനുമായ ഫിലിപ്പു (നീ) (Filius noster Philippus hispanorum rex potentissimus,) നിങ്ങൾ തിരുസിംഹാസനത്തിനു കീഴ്പ്പെട്ടെന്നും നമ്മുടെ പ്രീതിയിൽ ഇരിക്കുന്നു എന്നും അറിഞ്ഞാൽ നാം ആവശ്യപ്പെട്ടിരിക്കും പ്രകാരം എല്ലാ ഉപദ്രവങ്ങളിൽ നിന്നും നിങ്ങളെ സംരക്ഷിക്കുന്നതിനു അവിടെ നിന്നു ശ്രമിക്കാതിരിക്കയില്ല".

പരിശുദ്ധ പിതാവിന്റെ ഈ എഴുത്തിൽ നിന്നു പോർട്ടുഗീസുകാർ മലബാറിലെ കൽദായമെത്രാന്മാർക്കെതിരായി നടത്തിയ വേദഭ്രാന്തരുടെ നീതീകരിക്കുന്നതിനു പ്രസ്തുത മെത്രാന്മാർ പാഷാണ്ഡമതാവലംബികളെന്നു തിരുസിംഹാസനത്തെ അവർ ധരിപ്പിച്ചിരുന്നതായി തെളിയുന്നു.

എന്നാൽ ഇതു കപടമാണെന്നു മാർ അബ്രഹാം മെത്രാപ്പോലീത്തായുടെയും മാർ യൗസേപ്പു മെത്രാപ്പോലീത്തായുടെയും നേരെയുള്ള ഇവരുടെ വർത്തനാരീതികൊണ്ടു തെളിയുന്നതാണു്. ഇവരുടെ സത്യവിശ്വാസത്തെയും മതതീഷ്ണതയെയും പറ്റി പരിശുദ്ധ സിംഹാസനത്തിൽ നിന്നു സാക്ഷീച്ചിരുന്നു എന്നു വരികിലും ഇവർ പോർട്ടുഗീസുകാരുടെ ഉദ്ദേശങ്ങൾക്കു വിഘ്നമായിഭവിച്ചു. അതുകൊണ്ടാൽ മതതീഷ്ണതയല്ല, ഈ വിധ നയത്തിനു അവരെ പ്രേരിപ്പിച്ചതു്. പിന്നെയോ, മലബാർ ക്രിസ്ത്യാനികളെ കൽദായപാത്രിയർക്കീസന്മാരുടെ അധികാരത്തിൽ നിന്നു പിൻവലിച്ചു പോർട്ടുഗീസു് അധികാരത്തിനു കീഴ്പ്പെടുത്തണമെന്നുള്ള ഏക ഉദ്ദേശമാണു്. എന്നാൽ മലബാറിൽ കൽദായ റീത്തു് ഉണ്ടായിരിക്കുന്ന കാലത്തോളം അവരുടെ ഉദ്ദേശം സാധിക്കാതെ വരുമെന്നു കണ്ടതിനാൽ ആ റീത്തു മാറി അതിനു പകരം ലത്തീൻ റീത്തു സ്ഥാപിക്കുന്നതിനു ശ്രമിച്ചു. എന്നാൽ മലബാർ ക്രിസ്ത്യാനികൾ അതിനു വിസമ്മതിക്കയാൽ വിചാരിച്ചതുപോലെ കൽദായ റീത്തു നാമാവശേഷമാക്കുന്നതിനു സാധിക്കാതെ വന്നു. എങ്കിലും അതു കൽദായ റീത്തിൽ നിന്നു വ്യത്യസ്തപ്പെട്ടതെന്നു വാദിക്കാൻ തക്കവിധത്തിൽ അതുള്ളു അതിന്റെ ഭാഷ മാറിയിട്ടുണ്ടു്. എങ്കിലും സുകൃതഭ്രഷ്ടകൾക്കു് ഇന്നിയും മലബാർ റീത്തു കൽദായ റീത്തിന്മേൽ സ്ഥാപിതമെന്നു ബോധ്യപ്പെട്ടും. ഉദിയോത്തൂർ സൂനഹദോസിനു മുമ്പു മലബാർ റീത്തു ബാബേലിലെ കൽദായ റീത്തു തന്നെയായിരുന്നു എന്നു ഉദിയമ്പേരൂർ സൂനഹദോസിന്റെ ചരിത്രമെഴുതിട്ടുള്ള റോളനും, അസ്സേമാൻ ആദിയായ മറ്റു ചരിത്രകാരന്മാരും സധൈര്യം സാക്ഷിക്കുന്നു.

മലബാറിലെ റീത്തു സീറോമലബാർറീത്തെന്നു വിളിക്കപ്പെടുന്നതിനാൽ ഇതിനു കൽദായ റീത്തുമായിയാതൊരു സംബന്ധവുമില്ലെന്നു ചിലർ തെറ്റിദ്ധരിക്കുന്നുണ്ടു്. അതുകൊണ്ടു ഇതിനെപ്പറ്റി കുറെ പറഞ്ഞേക്കാം. എന്നാൽ ബാബേലിലെ കൽദായപള്ളി (സഭ) സീറോകൽദായപള്ളി എന്നാണു് വിളിക്കപ്പെടുന്നതു്. കൂടാതെയും ഇവിടെ 'സീറിയൊ' എന്ന പദം 'കൽദായ' എന്നു മനസ്സിലാക്കേണ്ടതാണെന്നു പ്രൊട്ടസ്റ്റാന്റു സംഘത്തിൽ നിന്നു മലബാർ ക്രിസ്ത്യാനികളുടെ ഉപയോഗത്തിനായി അച്ചടിപ്പിച്ചിട്ടുള്ള ആരാധനക്രമങ്ങൾകൊണ്ടു നിഷ്പ്രയാസം ബോധ്യപ്പെടും.

ഈ പുസ്തകങ്ങളിൽ ഒന്നിനു കൽദായക്കാരുടെ മലബാർ പള്ളിയിലെ റീത്തനുസരിച്ചുള്ള ജ്ഞാനസ്നാന ക്രമമെന്നും, വേറൊന്നിനു കൽദായക്കാരു

ടെ മലബാർ പള്ളിയിലെ ആചാരപ്രകാരമുള്ള ക്രമാശകളുടെ ശുശ്രൂഷക്രമമെന്നും, മറ്റൊന്നിനെ കൽദായപള്ളിയിലെ പൂജാക്രമമെന്നും നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇപ്രകാരം നാമകരണങ്ങളിൽനിന്നും ഈ പുസ്തകങ്ങളുടെ ലിപികളിൽ നിന്നും ഉച്ചാരണങ്ങളിൽ നിന്നും യാക്കോബായക്കാരൊ, മാറോനിത്താക്കാരൊ ഊഹിക്കുന്നതുപോലെ മലബാർ സുറിയാനിക്കാർ (പ്രശിത്താ)സുറിയാനിക്കാരല്ലാ, ബാബേലിലുള്ള വരെപ്പോലെ കൽദായസുറിയാനിക്കാരാണെന്നു വേണ്ടുവോളം തെളിയുന്നു.

കഷ്മലീത്താ സഭാംഗങ്ങളിലൊരാളായ വിൻസെന്റ് മർയാ എന്ന ഗ്രന്ഥകർത്താവിന്റെ 'ഇൻഡ്യായാത്രയിൽ' മലബാർ പള്ളിയിലെ ആരാധനക്രമത്തെപ്പറ്റി പറയുന്ന ഭാഗത്തു ഇങ്ങനെ എഴുതിയിരിക്കുന്നു:—

"ആ പള്ളിയിലെ ആരാധനക്രമം ബാബേലിലെ പൂർവ്വാരാധനക്രമം തന്നെ."

പിന്നീട് ആ പള്ളിയിലെ നടപടി, ഉപവാസം, തിരുനാളുകൾ ആദിയായവയെപ്പറ്റി പറയുന്നതെല്ലാം ബാബേലിലെ കൽദായ പള്ളിയിൽ നടത്തപ്പെട്ടുന്നവയോടു തുല്യതരങ്ങളാണ്.

പോർട്ടുഗീസുകാരുടെ അക്രമമായ നടപടികൾ മൂലം മലബാറിലെ യാക്കോബായക്കാരാദിയായ ക്രിസ്ത്യാനികൾ കൽദായറീത്തു ഉപേക്ഷിച്ചു സുറിയാനി റീത്തു് അവലംബിക്കുന്നു. എന്നാൽ അതുവരെ അവരും കൽദായ റീത്തുകാരായിരുന്നുവെന്നു തെളിയിക്കുന്നതിനു ധാരാളം ചരിത്രലക്ഷ്യങ്ങളുണ്ടു്.

ഇതുകൊണ്ടെല്ലാം ഉദിയമ്പേരൂർ സൂനഹദോസുവരെ മലബാറിലെ മാർതോമ്മാക്രിസ്ത്യാനികളുടെ റീത്തു, ഞങ്ങളുടെയിടയിലുള്ള കൽദായ റീത്തു തന്നെയായിരുന്നുവെന്നും, മലബാറിലെ ഈ പള്ളി മുമ്പേതന്നെ ബാബേൽപാത്രിയക്കീസിന്റെ അധികാരത്തിനു കീഴ്പെട്ടിരുന്ന എന്നും വിശദമാകുന്നു. കൂടാതെയും ബാബേലിലെ പാത്രിയക്കീസന്മാർ ഇൻഡ്യയിലേക്കയച്ച, നിഖ്യാസൂനാദോസിൽ ഇൻഡ്യയുടെയും പേർഷ്യായുടെയും പ്രതിനിധ്യം വഹിച്ച മാർ യോഹന്നാൻ മെത്രാൻ മുതൽ 1597 വരെ മലബാറിനെ ഭരിച്ച എല്ലാ കൽദായമെത്രാന്മാരുടെയും പട്ടിക നമുക്കു പ്രസിദ്ധപ്പെട്ട ചരിത്രങ്ങളിൽ നിന്നു ശേഖരിക്കയും ചെയ്യാം.

ഉദിയമ്പേരൂർ സൂനഹദോസിൽ വെച്ചു കൽദായപാത്രിയക്കീസിനു മലബാറിലുള്ള അധികാരം എടുക്കപ്പെട്ടതായി വിചാരിച്ചുപോരുന്നു എന്നു വരികിലും നിയമപ്രകാരം അതു സാധൂകരിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ ഒന്നാമതായി ഈ സൂനഹദോസിനു തിരുസിംഹാസനത്തിന്റെ അംഗീകരണം ലഭിച്ചിട്ടില്ല. രണ്ടാമതായി തിരുസിംഹാസനത്തിന്റെ നടപടികൾക്കും സർവ്വസാധാരണങ്ങളായ (Ecumenic)വിശുദ്ധസംഘങ്ങളിലെ നിശ്ചയങ്ങൾക്കും വിരോധമായി പ്രവർത്തിക്കുന്ന ഇതുപോലെയുള്ള സംഘങ്ങൾക്കു് അംഗീകരണം ലഭിക്കുന്നതല്ല. ഞങ്ങൾ കത്തോലിക്കമതത്തെ സ്വീകരിച്ചപ്പോൾ ചെയ്തതുപോലെ മലബാറിലെ കൽദായറീത്തിൽ വല്ല നെസ്തോറിയൻമതസിദ്ധാന്തങ്ങളും ഉണ്ടായിരുന്നാൽ അതു ഉദിയമ്പേരൂർ സൂനഹദോസിൽ വെച്ചു നിഷ്കാസനം ചെയ്തിരുന്നുവെങ്കിൽ സർവ്വത്ര സ്തുത്യർഹമായിരുന്നേനെ. എന്നാൽ യാതൊരാവശ്യവും ഫലസിദ്ധിയും കൂടാതെയും, മാത്രമല്ല, അനവധി ജനങ്ങളുടെ സത്യമതത്യാഗത്തിനു കാരണമാക്കിയും മലബാറിലെ റീത്തിനെ രൂപാന്തരപ്പെടുത്തിയതു് ഒരിക്കലും ക്ഷന്തവ്യമല്ല. ഉദിയമ്പേരൂർ വെച്ചു പോർട്ടുഗീസുകാർ വർത്തിച്ചതുപോലെ തിരുസിംഹാസനം ഏതു പൌരസ്ത്യറീത്തിനോടാണ് പെരുമാറിയിട്ടുള്ളതു്? തിരുസിംഹാസനം അവിടത്തെ അധികാരപൂർണ്ണതയിൽ ചെയ്തിട്ടില്ലാത്ത ഒരു കൃത്യം കേവലം ഒരു ദേശീയസംഘത്തിനു് എങ്ങനെ ചെയ്യാൻ സാധിക്കും? തിരുസിംഹാസനം പൌര

സ്ത്രീത്തുകളെ സവ്വദാ ആദരിക്കയും ബഹുമാനിക്കുകയും ചെയ്തിരിക്കെ ഒരു ദേശീയസംഘത്തിൽ കൂടിയ മതാധിപന്മാക്ക് ഇങ്ങനെ പ്രവത്തിപ്പാൻ എങ്ങനെ കഴിയും? ആകയാൽ ഈ സൂനഹദോസിനെ തിരുസിംഹാസനത്തിന്റെ അംഗീകരണമില്ലെന്നുള്ളതു നിസ്സംശയമായ സംഗതി തന്നെ.

ഈനാഞ്ചൊത്തിയും ഞാനും.

[ഒരു ചെറുകഥ]

(യേശുദാസൻ.)

ഒരു മേടമാസം കാലം. പൌർണ്ണമാസി ദിവസം. അന്നു കാറാകട്ടെ കറപ്പാകട്ടെ ഒന്നും തന്നെയില്ല. പൂർണ്ണചന്ദ്രൻ തന്റെ പ്രകാശക്തിരിനെ നാലുഭാഗത്തേക്കും വിരിച്ച് ഉദയാദ്രിയിൽനിന്നു ഏഴുനാഴിക മേല്പോട്ടു പൊങ്ങി. ഞങ്ങൾ അത്താഴമുണ്ണും കഴിഞ്ഞു, ഉറക്കം വരുന്നതുവരെ വല്ല വെടിയും പറഞ്ഞു നേരംപോക്കുന്നതിനായി വീട്ടിന്റെ വരാന്തയിൽ വന്നിരുന്നു. അയൽവാസികളായ പലരും പതിവുപോലെ ഞങ്ങളോടൊരുമിച്ച് വന്നിരുന്നു പലവത്തമാനങ്ങളും പറഞ്ഞുകൊണ്ടിരുന്നു. ഇങ്ങനെയിരിക്കെ ഞങ്ങളുടെ കൂട്ടത്തിൽ നിന്നു ചിലരസികന്മാർ അടുത്തുള്ള മാഞ്ചോട്ടിലേക്കു പാഞ്ഞുപോകുന്നതായി കണ്ടു. ഇവർ പോയ ഉദ്ദേശം മനസ്സിലാക്കിക്കൊണ്ട് അടുത്തിരുന്ന ഞങ്ങളുടെ അമ്മയോടായി ഞാൻ ഇങ്ങനെ ചോദിച്ചു.

"അമ്മേ, ഈയാണ്ട് എല്ലാകാലങ്ങളിലേയുംകാൾ നമ്മുടെമാവിൽ മാങ്ങാധാരാളമുള്ളതുകൊണ്ട് അമ്മ തെര (മാമ്പഴംകൊണ്ടുള്ള ഒരു പലഹാരം) എടുക്കുന്നുണ്ടോ?"

അമ്മ— എന്റെ കുഞ്ഞേ എന്നാൽ പ്രയാസമാണ്. പകൽ പിള്ളേരുടെ ശല്യംമൂലം ഒന്നും കിട്ടുകയില്ല. രാത്രിയിൽ ഒരു മാമ്പഴംപോലും അവൾ തരികയുമില്ല. പിന്നെ ഞാനെങ്ങനെ തെരയെടുക്കും."

ഞാൻ— അവളോ! അതാരാണ്?

അമ്മ— "അല്ല, മറന്നുമല്ലേ. ഈനാഞ്ചൊത്തിയാണ്. ഞാൻ വെളുപ്പിനെ ചെല്ലുമ്പോൾ ഉള്ള മാങ്ങയെല്ലാം അവൾ പെറുക്കിക്കൂട്ടി കടിച്ചിട്ടശേഷം എന്നെക്കണ്ടമാത്രയിൽ ഒരുവക ചീത്തയും പറഞ്ഞു ഉരുണ്ടുരുണ്ടു പാമ്പിനെ വെളിക്കു ചാടിക്കുമല്ലോ."

ഞാനിതുകേട്ട് പൊട്ടിച്ചിരിച്ചുപോയി. ഈനാഞ്ചൊത്തിയെന്നും, ഈനാമ്പിച്ചിയെന്നും, ഈനാഞ്ചക്കിയെന്നും മറ്റും ഓരോദേശങ്ങളിൽ ഓരോവിധത്തിൽ അറിയപ്പെടുന്ന ഒരുതരം കൂട്ടിപ്പിശാചുണ്ടെന്നും അതിനു പൊതിയാതേങ്ങയോളം വലിപ്പമുണ്ടെന്നും അതിന്റെ വിളയാട്ടം മാമ്പഴമുള്ള കാലങ്ങളിലാണെന്നും രാത്രികാലങ്ങളിൽ മാമ്പഴം പെറുക്കുവാൻ പോകുന്ന പലരും ഇതിനെ കണ്ടിട്ടുണ്ടെന്നും മനുഷ്യശബ്ദം കേൾക്കുമ്പോൾ ഒരുവക അസഭ്യങ്ങൾ പറഞ്ഞുകൊണ്ടു ഉരുണ്ടുമറിഞ്ഞു അപ്രത്യക്ഷയാകുമെന്നും, ചിലർ ഇതിനെ "ഒറ്റാലി"ൽ ബന്ധിച്ചിട്ടശേഷം നേരം വെളുത്തുനോക്കിയപ്പോൾ അതസ്ഥലത്തു കുറെ രക്തമല്ലാതെ മറ്റൊന്നും കണ്ടില്ലെന്നും മറ്റും പല രസികത്തങ്ങളും ചില അമ്മൂമ്മമാർ പറഞ്ഞു കേൾക്കുമ്പോൾ അവരുടെ അന്ധവിശ്വാസത്തെപ്പറ്റി പുച്ഛിച്ചിട്ടുള്ള ഞാൻ ഞങ്ങളുടെ അമ്മയുടെ ഈദൃശമായ വത്തമാനം കേട്ട മനസ്സുറിയാതെ പൊട്ടിച്ചിരിച്ചുപോയതാണ്. ഞാൻ ചിരിക്കുന്നതുകണ്ട് എന്റെ അടുത്തിരുന്ന കുട്ടപ്പൻ ഇങ്ങനെ പറഞ്ഞു:—

"കുഞ്ഞെന്തിനാണ് ചിരിക്കുന്നതു്? വല്യമ്മ പറഞ്ഞതു് കമ്പമാണെന്നായിരിക്കും എന്റെ ഈ പ്രായത്തിനോടകത്തു് എത്ര പ്രാവശ്യം ഞാൻ ഈനാഞ്ചക്കിയെ കണ്ടിരിന്നു. പലതവണ അതെന്നെ ചീത്തപറഞ്ഞോടിച്ചിട്ടുമുണ്ട്."

ഞാൻ— കുട്ടപ്പൻ പെരുത്തേയിരിക്കു. താൻ പണ്ടേതന്നെ വെറും കമ്പക്കാരനാണ്. രാത്രിഞ്ചെരമ്മാരായ ഏതോ ഇന്ത്യക്കളേക്കണ്ട് ബഹളം പിടിച്ചതാണ്. പിശാച്ച മാമ്പഴം പെറുക്കാൻ നടക്കുകയാണ്. അവക്കതല്ലാതെ ഒരു തൊഴിലുമില്ലപോലും.

കുട്ടപ്പൻ— കുത്തെന്നെ കള്ളിയാക്കണ്ടാ. പള്ളിപ്പറമ്പിലെ മാഞ്ചോട്ടിൽ ഈനാഞ്ചെക്കിയുടെ സ്വരം ഇന്നലെയും ഞാൻ കേട്ടതാണ്. സംശയമുണ്ടെങ്കിൽ കുഞ്ഞിനെ ഇന്നു ഞാൻ ബോധ്യപ്പെടുത്തിതരാം. പക്ഷെ കുറെ ധൈര്യം വേണം അല്ലെങ്കിൽ ഒന്നും സാധിക്കയില്ല.

ഞാൻ— അങ്ങനെതന്നെ. ഇന്നു ഞാനീവരാന്തയിൽ കിടന്നുകൊള്ളാം. കൃത്യസമയത്തിനു എന്നെ വിളിച്ചുകൊണ്ടാൽ മതി.

ഞങ്ങൾ ഇങ്ങനെ തീരുമാനിച്ചു പിരിഞ്ഞപ്പോൾ മണി ഏകദേശം പത്തു കഴിഞ്ഞുകാണും. പണ്ടേതന്നെ പിശാചുക്കളെപ്പറ്റി ഒട്ടും ഭയമില്ലാത്ത ഇന്നിക്കു കുട്ടപ്പന്റെ ഈ കുട്ടിപ്പിശാചിനെപ്പറ്റി തെല്ലും ഭയം തോന്നിയില്ല. രണ്ടായാലും ഇതിനെ ഒന്നു നല്ലവണ്ണം പരിശോധിക്കാതെ വിടുകയില്ലെന്നുറച്ചു എന്റെ ചൂരൽപ്പുനമ്പു് എടുത്തു പുറത്തുവെച്ചശേഷം ഞാൻ നിദ്രയ്ക്കാരംഭിച്ചു.

ഏകദേശം ഏഴെട്ടു വെളുപ്പുണ്ടെന്നു തോന്നുന്നു. കുട്ടപ്പൻ വന്നു മെല്ലമെല്ലെ എന്നെ വിളിച്ചുണർത്തി. "വേഗം എണീക്കു, ഇതാ അതിന്റെ ശബ്ദം കേൾക്കുന്നു. കാണണമെന്നുണ്ടെങ്കിൽ ക്ഷണം അവിടെ എത്തണം." എന്നു പറഞ്ഞു ബഹളംകൂട്ടി അയാൾ പുറത്തിറങ്ങിക്കഴിഞ്ഞു.

ഞാൻ ഉടനെ എണീറ്റു് എന്റെ വടിയും എടുത്തു് കുട്ടപ്പനെ അനുഗമിച്ചു. പള്ളിമതിൽക്കെട്ടിനോടു സമീപിച്ചപ്പോൾ അകത്തുള്ള മാഞ്ചുവട്ടിൽ എന്തൊരുഭാഷയിലോ ഒരു പ്രസംഗം പൊടിപൊടിയായി നടക്കുന്നുണ്ടെന്നു തോന്നി. ഞങ്ങൾ അകത്തു് പ്രവേശിച്ചു് ഈനാഞ്ചോത്തിയുടെ നടപടികളെ മനസ്സിലാക്കുന്നതിനായി ഒരു ശുദ്ധസ്ഥലത്തു മറഞ്ഞിരുന്നു. മാവിന്റെ കീഴെ ചന്ദ്രപ്രകാശിക നല്ലവണ്ണം പതിഞ്ഞിട്ടില്ലായിരുന്നതിനാൽ ആ സത്വത്തിന്റെ പൂർണ്ണമായ സ്ഥിതി മനസ്സിലാക്കുവാൻ സാധിച്ചില്ല. എങ്കിലും, ഒരു വരട്ടുതേങ്ങയോളം വലിപ്പവും അരുമുഴുവൻ ഇഡ്ഡലികൾ നിറഞ്ഞു കറുത്തിരുണ്ടുള്ളതായ ഈ സത്വം തന്റെ പ്രസംഗത്തിന്റെ ഇടയിൽ ഉരുണ്ടുനടന്നു് അവിടെ വീണുകിടക്കുന്ന ഓരോ മാമ്പഴവും ഒരേ സ്ഥലത്തു പെറുക്കിക്കൂട്ടുന്നതായി ഞങ്ങൾക്കു തോന്നി. ഏതെങ്കിലും ഇതിനോടു് ഒന്നു് എതിരിടണമെന്നു ഞാൻ തീർച്ചയാക്കി എന്റെ തോത്തുമുണ്ടെടുത്തു് അരയിൽ മുറുക്കികെട്ടി. ചൂരൽവടിയും ഞാൻ ബലമായി പിടിച്ചു. "എന്തു വന്നാലും എന്നെ വിട്ടുപോകരുതു്" എന്നു കുട്ടപ്പന്റെ ചെവിയിൽ മന്ത്രിച്ചശേഷം ധൈര്യമവലംബിച്ചു് ഈനാഞ്ചോത്തിക്കു് അഭിമുഖമായി ഞാൻ പ്രത്യക്ഷപ്പെട്ടു. ഉത്തരക്ഷണത്തിൽ ആ ഭയങ്കരസത്വം അലറിക്കൊണ്ടു് ഞങ്ങളുടെ നേരെ പാഞ്ഞുവരുന്നതായി തോന്നി. ഓ! ഞങ്ങളുടെ കഥകഴിഞ്ഞു എന്നു വിചാരിച്ചു് ചഞ്ചലപ്പെട്ടു് ഒരു വശത്തേക്കു് അല്പം മാറിനിന്നതോടുകൂടി ആ സത്വം എന്റെ മുമ്പിൽ അടുത്തു കഴിഞ്ഞു. ഞാൻ മരണഭീതിയോടുകൂടി എന്റെ സർവ്വശക്തികളും പ്രയോഗിച്ചു അതിനെ ഒന്നടിച്ചതു കഷ്ടകാലത്തിനു പുറകിൽതട്ടി നിലത്താണ് കൊണ്ടതു്. ഭാഗ്യവശാൽ ആ സത്വം ഞങ്ങളെ ആക്രമിക്കാതെ അവിടെനിന്നു നേരെ പള്ളിവരാന്തയെ ലക്ഷ്യമാക്കി പാഞ്ഞു. ശത്രുവിന്റെ ഭീരുത്വത്തെ മനസ്സിലാക്കി ഞങ്ങൾ ശീഘ്രഗതിയിൽ അതിനെ അനുഗമിച്ചു. ഞങ്ങൾ വരാന്തയിൽ എത്തിയപ്പോൾ ആ സത്വം വരാന്തയുടെ മുകൾത്തട്ടിലേക്കു പ്രവേശിക്കുന്നതിനു ഭഗീരഥപ്രയത്നം ചെയ്യുകയായിരുന്നു. ഈ തരംനോക്കി വളരെ കുത്തലോ

ട്ടുകൂടി ആ സത്വത്തെ ഞാനൊന്നടിച്ചതും ഒരു അലറിയ ശബ്ദത്തോടുകൂടി അതെന്റെ നേരെ ചാടി എന്നെ കടിച്ചതും അയ്യോ! എന്നുള്ള സ്വരത്തോടുകൂടി ഞാൻ പുറകോട്ടു മലന്നതും ഒന്നിച്ചുകഴിഞ്ഞു. പിന്നെ അവിടെ നടന്ന സംഭവത്തെപ്പറ്റി ഇന്നിക്ക് ഒരു തുമ്പുമുണ്ടായില്ല.

അനന്തരം, ഒരു ഗാഢനിദ്രയിൽ തൊട്ടുണർത്തായ വിധമാണ് ഇന്നിക്കു ബോധം വീണതു്. തൽസമയം ഒരു ശീതക്കാറ്റ് പുറമിടിക്കുന്നുണ്ടായിരുന്നു. നന്ത്യ മുതലായ പക്ഷികളുടെ ശബ്ദം ഒന്നൊന്നേരം വെളുപ്പായിരിക്കുന്നുവെന്നും, ബോധക്ഷയം സംഭവിച്ച് ഞാൻ അധികനേരം അവിടെ കിടന്നുവെന്നും മനസ്സിലായി. ഞാൻ പെട്ടെന്നു എഴുന്നേൽക്കുവാൻ ശ്രമിച്ചു. ഹാ! ഒരു വലിയ ഭാരം എന്റെ നെഞ്ചിൽ ഇരുന്നു് എന്നെ കീഴ്പോട്ടമർത്തുന്നു. ആ ഭാരത്തിന്റെ ശക്തിയാൽ എന്റെ നെഞ്ചിലുള്ള മുറിവിൽ നിന്നും രക്തം ധാരയായൊഴുകി എന്റെ മുണ്ടും ദേഹവുമെല്ലാം നനഞ്ഞു. ഞാൻ കണ്ണു ചിമ്മിത്തുറന്നു. അത്ഭുതം! കണ്ണു ഞാൻ ഉടനെ അടച്ചു. എന്റെ കൈകാൽ സ്തംഭിച്ചു. ശ്വാസം നിന്നുപോകുമെന്നുള്ള നിലയായി. ഞാൻ ശ്വാസം പിടിച്ചു ഒരുവിധത്തിൽ കൈ ഉയർത്തി ആ ഭാരത്തെ തടവിനോക്കി. ഒരു മനുഷ്യനുവേണ്ട അവയവങ്ങളെല്ലാം ആ ഭാരത്തിനുണ്ടു്. അതേ ഒരു മനുഷ്യൻ; അല്ലാ, ഇന്നാഞ്ചാത്തി തന്നെയാണ് നെഞ്ചിനു വിലങ്ങെ കിടന്നു എന്നെ ഞെക്കി എന്റെ കഥ കഴിപ്പാൻ തുടങ്ങുന്നതു്. കുട്ടപ്പനും എന്നെ വിട്ടുപോയി. ഞാനെന്താചെയ്യേണ്ടതു്? എന്റെ നാവു കീഴ്പോട്ടു താണു. കണ്ണു മേല്പോട്ടുന്തി. ശ്വാസവും നിൽക്കാൻ പോകുന്നതായി തോന്നി. കേവലം ഒരു നാസ്തികനായി അതേവരെ ജീവിച്ചിരുന്ന ഞാൻ "എന്റെ ഈശ്വരാ ഇതിൽ നിന്നെന്നെ രക്ഷിക്കണേ" എന്നു മനസ്സറിയാതെ ധ്യാനിച്ചുപോയി. ചെറുപ്പത്തിൽ പഠിച്ച നമസ്കാരമെല്ലാം പിന്നിട്ടു മനസ്സുകൊണ്ടു ഉരുവിട്ടു. ഹാ! പെട്ടെന്നു് എന്നിൽ ഒരു ദിവ്യശക്തി വ്യാപിച്ചതായി ഇന്നിക്കു തോന്നി. എന്റെ ബുദ്ധിതെളിഞ്ഞു. ശരിതന്നെ. രക്ഷപ്പെടാനുള്ള ഒരുപായവുമൊന്നു കണ്ടുപിടിച്ചു; മലർന്നു കിടന്ന ഞാൻ എന്റെ രണ്ടു പാർശ്വങ്ങളിലും കൂടി കൈ മെല്ലെ ഉയർത്തി ആ സത്വത്തിന്റെ അടിവശത്തു താങ്ങി ഒരുവശത്തേക്കൊന്നു ശേഷം ഓടുവാനായി പെട്ടെന്നു് എണീറ്റതും "അയ്യോ കുഞ്ഞേ! ഇന്നാഞ്ചക്കി!" എന്ന ശബ്ദത്തോടുകൂടി ആ സത്വം അലച്ചു വീണതും ഒരേ സമയത്തു തന്നെയായിരുന്നു.

ഞാൻ ആശ്ചര്യപരതന്ത്രനായി "അല്ല, അതു കുട്ടപ്പനാണോ! താനെങ്ങനെ എന്റെ നെഞ്ചിന്മേൽ വന്നുവശായി?"

കുട്ടപ്പൻ—എന്റെ കുഞ്ഞേ ഒന്നും പറയാനില്ല. കുഞ്ഞു ഇന്നാഞ്ചക്കിയെ അടിച്ചക്ഷണത്തിൽ അതു ചാടി കുഞ്ഞിനെ കടിച്ചതും, ബോധം കെട്ടു കുഞ്ഞു പുറകോട്ടുമറിഞ്ഞതും കുഞ്ഞിന്റെ മുറിപാടിൽ കൂടി അങ്ങനെ രക്തം വമിച്ചുകൊണ്ടിരിക്കുന്നതും ഇന്നാഞ്ചക്കി കിടന്നു തലതല്ലുന്നതും എന്റെ തൽക്കാല സ്ഥിതിയും എല്ലാം കണ്ടു ഭ്രമിച്ച് എന്റെ പുഴയ ചുഴലിട്ടിനകത്തിളകി ഞാൻ നിലം പതിച്ചതു് ഓർക്കുന്നുണ്ടു്. പിന്നെത്തെ സ്ഥിതിയൊന്നും ഇന്നിക്കറിയാൻ പാടില്ല.

ഞാൻ—അത്ഭുതം തന്നെ. ഇന്നാഞ്ചാത്തി എവിടെയാണ് വീണതു്?

കുട്ടപ്പൻ—ആ പിശാചു ഉരുണ്ടു മറിഞ്ഞു ആ കോവണിക്കീഴിലേക്കാണ് പോയതു്.

ഈ സമയംകൊണ്ടു നേരം പ്രഭാതമായതിനാൽ ഞങ്ങൾ ധൈര്യസമേതം രണ്ടുപേരും കൂടി കോവണിയുടെ കീഴെ ചെന്നു നോക്കിയപ്പോൾ കണ്ട കാഴ്ച അത്യന്തം അത്ഭുതകരമായിരുന്നു. എന്റെ ഒറ്റ അടികൊണ്ടു ചത്തു വീണ ആ സത്വം, അതേ ഒരു മുട്ടൻ മരപ്പട്ടി അങ്ങനെ കിടക്കുന്നു. "കുട്ടപ്പാ! അതാ ഈ നാഞ്ചാത്തി" എന്നു പറഞ്ഞു ഞാ

നൊന്നു ചിരിച്ചു. കുട്ടപ്പൻ ഇളിഭ്യനായി മുഖം തിരിച്ചുകളഞ്ഞു.

ഈ സംഭവം നടന്നതിൽ പിന്നെ ഈനാഞ്ചാത്തിയെപ്പറ്റി ഞങ്ങളുടെ പ്രദേശത്തുള്ള അന്ധവിശ്വാസം തിരെ അസ്തമിച്ചുവെങ്കിലും ഇതിന്റെ സ്മാരകമായി ഈനിക്കു കിട്ടിയ പെരുമ്പിലെ വടുക ആരും കാണാതിരിക്കാനായിട്ടാണ് അന്നു മുതൽ ഞാൻ കുപ്പായം ധരിച്ചുകൊണ്ടു നടക്കുന്നതെന്നുള്ള കഥ ഇതുവരെ ഞാൻ ആരോടും പറഞ്ഞിട്ടേയില്ല.

വിവിധവിഷയങ്ങൾ.

ട്രോപ്പ് നിയമനിർമ്മാണസഭാമെമ്പന്മാരിൽ നാലുപേർ കത്തോലിക്കരാണ്.

ത്രിമൂലം പ്രജാസഭയുടെ 17-മത്തെ യോഗം കഴിഞ്ഞ കഴിഞ്ഞ 17-ാം തീയതി മുതൽ ജൂബിലിഹാളിൽവെച്ചു് ആരംഭിച്ച 28-ാമത്തെ ബുധനാഴ്ചകൊണ്ടു് അവസാനിച്ചിരിക്കുന്നു.

ചങ്ങനാശേരിൽനിന്നു പുറപ്പെട്ടുതുടങ്ങിയിരിക്കുന്ന "വിജയഭാനു" എന്ന മാസികയുടെ ആദ്യലക്കം ഞങ്ങൾ സസന്തോഷം കൈപ്പറ്റിയിരിക്കുന്നു. ഈ സഹജീവിക്കു സകലവിജയങ്ങളും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

അമേരിക്കായിലെ ചിക്കാഗൊ അതിരൂപതയിൽ "പത്രോസിന്റെ ചെമ്പുകാശു" എന്ന ധർമ്മപ്പിരിവു നടത്തിയതു കഴിഞ്ഞ നവംബർ 21-ാം തീയതിയായിരുന്നു. അന്നതിനെ നാലുലക്ഷം ക. പിരിഞ്ഞിരിക്കുന്നു.

ജർമ്മനിയുടെയും ഫ്രാൻസിന്റെയും മദ്ധ്യേയുള്ള ലക്സൻബർഗ്ഗ് രാജ്യത്തിലെ ഭരണകർത്രിയായ രാജ്ഞിയുടെ ആദ്യജാതനായ രാജകുമാരന്റെ ജനനസ്മാനകർമ്മം ഈയിടെ നടത്തപ്പെട്ടപ്പോൾ രാജ്ഞിയുടെ അപേക്ഷ അനുസരിച്ചു തന്റെ പ്രതിനിധിവഴിയായി ജനനസ്മാനപിതാവായി നിന്നതു പതിനഞ്ചാം ബനഡിക്തോസ് മാർപ്പാപ്പായാണെന്നു കാണുന്നു. ഈ അവസരത്തിൽ തന്റെ തലതൊട്ടമകനായ ജോൺരാജകുമാരനു ചില പ്രത്യേകസ്ഥാനങ്ങൾ മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് അനുവദിച്ചുകൊടുക്കുകയുണ്ടായി. സ്പെയിനിലെ മഹാരാജാവിന്റെ "തലതൊട്ടപ്പൻ" 13-ാം ലേയോൻമാർപ്പാപ്പാ ആയിരുന്നു എന്നുള്ളതും ഈ അവസരത്തിൽ സ്മരണീയമാണ്.

ഇങ്കിലാബ് മാർപ്പാപ്പായോടുള്ള സ്നേഹബഹുമാനാദികളെ പ്രദർശിപ്പിക്കുന്നതിനായി തുർക്കിസ്ഥാനും മറ്റു മഹമ്മദീയപ്രജാനികളും യുദ്ധന്മാരും ഗ്രീക്കുശീശുക്കാരും കൂടി ധനശേഖരം ചെയ്തു പതിനഞ്ചാം ബനഡിക്തോസ് മാർപ്പാപ്പാതിരുമനസ്സിലെ ഒരു പ്രതിനിധിയെ തുർക്കിരാജധാനിയായ കോൺസ്റ്റാന്റിനോപ്പിൾ പട്ടണത്തിൽ സ്ഥാപിക്കാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. ഈ പ്രതിനിധിസ്ഥാപനത്തിനായി കത്തോലിക്കരിൽനിന്നു യാതൊരു ധനസഹായവും ഉണ്ടായിട്ടില്ലെന്നും, പണപ്പിരിവുലിസ്റ്റിൽ ഒന്നാമതായി പേരെഴുതിയിരിക്കുന്നതു സുൽത്താനും യുദ്ധന്മാരുടെ റബിയും ഗ്രീക്കുശീശുക്കാരുടെ പാത്രിയർക്കീസും മറ്റു മതപ്രമാണികളുമാണെന്നും കാണുന്നു.

അഞ്ചൽ ഡിപ്പാർട്ടുമെന്റിലെ ജോലിക്കാരുടെ ശമ്പളവും സ്റ്റാമ്പു, കാർഡ് മുതലായവയുടെ വിലയും വർദ്ധിപ്പിച്ചുള്ള അഞ്ചൽ പരിഷ്കാരം ഈ മീനമാസം മുതൽ നടപ്പിൽ വന്നിരിക്കയാണല്ലൊ. ജോലിക്കാരുടെ ശമ്പളം വർദ്ധിപ്പിച്ച കൂട്ടത്തിൽ അഞ്ചൽ ശിപായിമാർക്കും ഗണനീയമായ ഒരു

ശമ്പളം കിട്ടുന്നതാണ്. മേലിലെങ്കിലും ഇവരിൽ അധികം പേരും തങ്ങളുടെ ജോലിയിൽ കൃത്യനിഷ്ഠയുള്ളവരായി തീരുമെന്നു നമുക്കു ഉടനെ വിശ്വസിക്കാൻ പാടില്ലാതെയാണിരിക്കുന്നതു്. "ചൊട്ടയിലെ ശീലം ചുടലയിലെ മാറുകയുള്ളൂ" എന്നു പറയുന്നതുപോലെ അനേകം എഴുത്തുകളും വി. പി. കളും മറ്റും ഉടമസ്ഥന്മാർക്കു് കൊണ്ടുപോയി കൊടുക്കുവാനുള്ള പ്രയാസംമൂലം നശിപ്പിച്ചും മടക്കിയും പരിശീലിച്ചിട്ടുള്ള ഈ കൂട്ടരിൽ അധികംപേരുടെയും ദുശ്ശീലം അവരെ വിട്ടുമാറണമെങ്കിൽ അവരെ ഒന്നുടച്ചുവാർത്തു് ഗംഗാനദിയിൽ മുക്കിയെങ്കിൽ മാത്രമെ സാധിക്കയുള്ളൂ. ഇതു ദുഷ്സാധ്യമാണെങ്കിലും ഇങ്ങനെയുള്ളവരുടെ അക്രമങ്ങൾ മേലാലെങ്കിലും ഉണ്ടാകാതിരിപ്പാൻ യോഗ്യന്മാരായ അഞ്ചൽമാസ്റ്റർമാർ ശ്രമിച്ചാൽ സാധിക്കുമെന്നുള്ളതു തീർച്ചയായ ഒരു കായ്യമാണ്. നേരെമറിച്ചു് "വേലിതന്നെ വിളവു തിന്നുന്നു" എന്നു പറയുന്നതുപോലെ ഇങ്ങനെയുള്ള അക്രമികൾക്കു് വല്ല ആദായവും ഇച്ഛിച്ചു അഞ്ചൽമാസ്റ്റർമാർ വശംവദരായാൽ ഇത്തരക്കാരുടെ പിന്നത്തെ കഥ പറയാനുമില്ല. അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ കൃത്യനിഷ്ഠയില്ലാത്ത മാസ്റ്റർന്മാർ ധാരാളമുള്ളതോടുകൂടി യോഗ്യന്മാരായ പല മാസ്റ്റർന്മാരും ഉണ്ടെന്നുള്ളതു് ഞങ്ങളുടെ കുറച്ചുകാലത്തെ പരിചയംകൊണ്ടു ഞങ്ങൾക്കു ബോധ്യമാണ്. ഈ അടുത്ത കാലത്തു തന്നെ ഒരു വി. പി.യെ സംബന്ധിച്ചു് തൊടുപുഴ അഞ്ചൽമാസ്റ്റർ അവർകളിൽ നിന്നു കിട്ടിയ ഒരു മറുപടി താഴെ ചേർത്തുകൊള്ളുന്നു.

"കോട്ടയംമാസിക മാനേജർ അവർകൾക്കു് .

22. 2. 21-ൽ നാഗപ്പുഴ കളപ്പുരയിൽ ഉലഹന്നൻ വക്കിപേക്കുള്ള വി. പി. സംഗതിയെ 'സംബന്ധിച്ചു് അയച്ച കാർഡ് കിട്ടി. അതു് അനുസരിച്ച മേൽവിലാസക്കാരനെ നോട്ടീസു അയച്ചു വരുത്തി മൊഴി വാങ്ങിച്ചതിൽ ഇപ്രകാരം ഒരു വി. പി. വന്നിട്ടുള്ളതായി മേൽവിലാസക്കാരനു അറിവില്ലെന്നു മൊഴി എഴുതിവച്ചിരിക്കുന്നതിനാൽ ചിലവു ശിപായിയുടെ മൊഴിവാങ്ങി നടപടിക്കായി മേലാവിലേക്കു അയച്ചിരിക്കുന്ന വിവരം തെര്യപ്പെടുത്തിയിരിക്കുന്നു."

ഇങ്ങനെ ശിപായിമാരുടെ അപ്പഴപ്പോഴുള്ള നടപടി പിശകുകളെ മാസ്റ്റർന്മാർ അതതു സമയം തന്നെ കണ്ടുപിടിച്ചു ഉൎജ്ജിതമായ നടപടി നടത്തി അവരെ തക്കതായ വിധത്തിൽ ശിക്ഷിച്ചുകൊണ്ടിരിക്കുന്നതായാൽ കാലക്രമേണ അഞ്ചൽവകുപ്പു ശുദ്ധീകരിക്കപ്പെടുന്നതും പൊതുജനങ്ങൾക്കു ഈ ഡിപ്പാർട്ടുമെൻറിനെപ്പറ്റിയുള്ള വെറുപ്പു നിശ്ശേഷം നീങ്ങുന്നതുമായിരിക്കുമെന്നുള്ളതു നിസ്സംശയമാണ്.

ഫലിതശകലങ്ങൾ.

(വിദൂഷകൻ.)

ഒരു ഗ്രഹസ്ഥൻ ടീ്യനോടു—ഡാ! കാളയ്ക്കു കച്ചി വാരിക്കൊട്ടത്തോ?

ടീ്യൻ—വാരിക്കൊട്ടത്തില്ല. കച്ചി തരുതിന്റെ മുമ്പിൽ കൊണ്ടു ഇട്ടേ ഉള്ളൂ.

ഒരു ഭീമകായൻ ഹ്രസ്വകായനായ ഒരു രസികനോടു—"താൻ എന്തു ചെറിയ ആൾ! തന്നെ എന്റെ കൂപ്പായകീശയിൽ ഇടാമല്ലൊ."

ഹ്രസ്വകായൻ—"ആ കായ്യം നിങ്ങൾക്കു ചെയ്യാൻ സാധിച്ചുവെങ്കിൽ, നിങ്ങളുടെ തലയിലുള്ള രോമത്തേക്കാൾ അധികം തലച്ചോറു് നിങ്ങളുടെ കൂപ്പായകീശയിൽ ഉണ്ടായിരിക്കും."

എപ്പോഴും ഉപദേശിച്ചും അലട്ടിയുംകൊണ്ടിരിക്കുന്ന അമ്മാവിഅമ്മയോടു തന്റെ മരുമകൻ (മകന്റെ ഭാര്യ) ഇപ്രകാരം ചോദിച്ചു.

മ.—ഹവ്വാ ലോകത്തിലേക്കും സൌഭാഗ്യവതി ആയിരുന്നു എന്നു പറയുന്നതെന്താണമ്മേ?

അമ്മ—അതൊ? അവർ ആദ്യ മാതാവായിരുന്നതുകൊണ്ടായിരിക്കണം, എന്നാണെന്റെ മകളെ എനിക്കു തോന്നുന്നതു്.

മ.—അല്ല അമ്മേ അവൾക്കു അമ്മാവിഅമ്മ ഇല്ലായിരുന്നതുകൊണ്ടുതന്നെയായിരിക്കണം.